തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

കേരള സർക്കാർ

LSGD
തദ്ദേശ സ്വയംഭരണ വകുപ്പ്

# തദ്ദേശകം

മെയ് 2025 പുസ്തകം 1 ലക്കം 4




# കേരളം ഡിജിറ്റലായി

നവകേരളം പുതുവഴികൾ
പിണറായി വിജയൻ സർക്കാർ
10-ാം വർഷത്തിലേക്ക്

LSGD
തദ്ദേശ സ്വയംഭരണ വകുപ്പ്

കേരള സർക്കാർ



# അഴിമതിമുക്ത തദ്ദേശഭരണത്തിനായി

**പരാതികൾ തെളിവ് സഹിതം**
**വാട്സ്ആപ് നമ്പർ**
**807 806 60 60**
**അറിയിക്കുക**

## വാട്സ്ആപ് മുഖേന

# 318

**പരാതികൾ ലഭിച്ചു**

**അതിൽ**

# 318

**എണ്ണത്തിൽ നടപടി സ്വീകരിച്ചു**



തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സർക്കാർ

# തദ്ദേശകം

മെയ് 2025 പുസ്തകം 1 ലക്കം 4

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

*ചെയർമാൻ*
**എം.ബി. രാജേഷ്**
തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി

*കൺവീനർ*
**ഡോ. ചിത്ര എസ്. ഐ.എ.എസ്**
പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ.

*അംഗങ്ങൾ*
**പുനിത് കുമാർ ഐ.എ.എസ്**
അഡീഷണൽ ചീഫ് സെക്രട്ടറി, ത.സ്വ.ഭ.വ
**ഡോ. ദിനേശൻ ചെറുവാട്ട് ഐ.എ.എസ്**
ഡയറക്ടർ, എൽ.എസ്.ജി.ഡി (റൂറൽ)
**സൂരജ് ഷാജി. ഐ.എ.എസ്**
ഡയറക്ടർ, എൽ.എസ്.ജി.ഡി (അർബൻ)
**എ. നിസാമുദ്ദീൻ. ഐ.എ.എസ്**
ഡയറക്ടർ, കില

**ഷിജി ഇ ചന്ദ്രൻ**
ചീഫ് ടൗൺ പ്ലാനർ

**സന്ദീപ്. കെ.ജി**
ചീഫ് എൻജിനീയർ

**എം.പി. അജിത്കുമാർ**
അഡീഷണൽ ഡയറക്ടർ

**കെ.എം. ഉഷ**
പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**ബി.പി. മുരളി**
പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ

**കെ.ജി. രാജേശ്വരി**
ചെയർപേഴ്സൺ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചേംബർ

**എം. കൃഷ്ണദാസ്**
ചെയർമാൻ, ചേംബർ ഓഫ് മുൻസിപ്പൽ ചെയർമാൻ

**അനിൽകുമാർ. എം**
പ്രസിഡന്റ്, മേയേർസ് കൗൺസിൽ സെക്രട്ടറി,
പ്രസ് ക്ലബ്, തിരുവനന്തപുരം

**ദീപ. കെ.**
ചീഫ് ഓഫീസർ, കമ്മ്യൂണിക്കേഷൻ &
പബ്ലിക് റിലേഷൻസ്
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്

*എഡിറ്റർ*
**ദീപ. കെ.**
*ചീഫ് ഓഫീസർ,*
കമ്മ്യൂണിക്കേഷൻ & പബ്ലിക് റിലേഷൻസ്

*അസിസ്റ്റന്റ് എഡിറ്റർ*
**ദിനിൽ. ആർ**
സ്റ്റേറ്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ,

*സർക്കുലേഷൻ മാനേജർ*
**ജയപ്രകാശ്. കെ**
അസിസ്റ്റന്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ

*കവർ & ലേ-ഔട്ട്*
**ദീപക് മൗത്താട്ടിൽ**

*ഓഫീസ്*
കമ്മ്യൂണിക്കേഷൻ & പബ്ലിക് റിലേഷൻസ്
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
കവടിയാർ. പി.ഒ. തിരുവനന്തപുരം-03
ഫോൺ- 0471 2317262

ribkerala@gmail.com
lsgdpr2024@gmail.com

## എഡിറ്റോറിയൽ

സാധാരണ ജനങ്ങൾക്ക് അർഹതപ്പെട്ട സേവനങ്ങളും സഹായങ്ങളും അവരുടെ അവകാശങ്ങളും കാലതാമസമില്ലാതെ സാങ്കേതിക സഹായത്തോടെ അവർക്ക് നൽകാൻ കേരളം നടപ്പിലാക്കുന്ന വിപ്ലവകരമായ പദ്ധതികൾ ലോകത്തിന് തന്നെ മാതൃകയാണ്. രാജ്യം ഡിജിറ്റൽ വ്യവഹാരങ്ങൾ പ്രോത്സാഹിപ്പിക്കുമ്പോൾ അത് ഉപയോഗിക്കാനും വികസന മുന്നേറ്റത്തിൽ സാധാരണക്കാരെ ഒപ്പം ചേർക്കാനുമുള്ള കേരളത്തിന്റെ പ്രവർത്തനങ്ങളും ശ്ലാഘനീയമാണ്. ഡിജിറ്റൽ സാങ്കേതികവിദ്യ ഒരു വിഭാഗത്തിന്റെ മാത്രം കുത്തകയാവുകയും മറുവിഭാഗത്തിന് അതിനെ കുറിച്ച് യാതൊരുവിധ അറിവും ഇല്ലാതിരിക്കുന്നതും പുരോഗമന ജനാധിപത്യ ആശയങ്ങൾക്ക് വിരുദ്ധമാണ്. ഡിജിറ്റൽ അസമത്വം എന്ന ഈ വെല്ലുവിളി മറികടക്കാനാണ് സംസ്ഥാന സർക്കാർ ഡിജി കേരളം പദ്ധതി ആവിഷ്ക്കരിച്ചത്. എല്ലാ ജനങ്ങൾക്കും ഡിജിറ്റൽ സാങ്കേതിക വിദ്യയും അതുകൊണ്ടുള്ള പ്രയോജനങ്ങളും പ്രാപ്യമാക്കാനാണ് ഡിജിറ്റൽ സാക്ഷരതാ പ്രസ്ഥാനമായ ഡിജി കേരളം പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

ഓൺലൈൻ വഴി സേവനം ലഭ്യമാക്കുന്ന കെ സ്മാർട്ട് കേരളത്തിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ആരംഭിച്ചു കഴിഞ്ഞു. അതിനാൽ ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കാനും സേവനങ്ങൾ സ്വീകരിക്കാനും കേരളത്തിലെ എല്ലാ ജനങ്ങളെയും പരിശീലിപ്പിക്കേണ്ടതുണ്ട്. ഒപ്പം ഡിജിറ്റൽ ലോകത്തെ മറ്റ് സൗകര്യങ്ങളും പ്രയോജനപ്പെടുത്താൻ ജനങ്ങളെ പ്രാപ്തരാക്കുന്ന ഡിജി കേരളം പദ്ധതിക്കായി 305239 വളണ്ടിയർമാരെയാണ് നിയോഗിച്ചത്. 14 വയസ്സിന് മുകളിൽ പ്രായമുള്ള മുഴുവൻ ആളുകളുടെയും വിവരശേഖരണം തദ്ദേശസ്വയംഭരണാടിസ്ഥാനത്തിൽ നടത്തി ഡിജിറ്റൽ സാക്ഷരത ഇല്ലാത്ത 2186909 പേരെ പഠിതാക്കളായി കണ്ടെത്തി മുഴുവൻ പേർക്കും പരിശീലനം നൽകി. 90 വയസ്സിനു മുകളിൽ പ്രായമുള്ളവർ വരെ പഠിതാക്കളായുണ്ട്. കേരളത്തെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിലേക്ക് ഇനി ഏതാനും നാളുകൾ മാത്രം. പുല്ലമ്പാറയിൽ ആരംഭിച്ച ഡിജിറ്റൽ സാക്ഷരതാ പദ്ധതി എങ്ങനെ കേരളം ഏറ്റെടുത്ത ഡിജി കേരളം പദ്ധതിയായെന്ന് വിശദമാക്കുന്ന ലേഖനങ്ങൾ ഈ ലക്കത്തിൽ വായിക്കാം.

സാധാരണ ജനങ്ങളുടെ ആരോഗ്യ കാര്യത്തിലും സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളിലും തദ്ദേശസ്ഥാപനങ്ങൾ ഇടപെടുന്നുണ്ട്. വിവിധ രോഗാവസ്ഥകൾ കാരണം കിടപ്പിലായ രോഗികൾക്ക് സാന്ത്വന പരിചരണം നൽകുന്ന പാലിയേറ്റീവ് കെയർ ഗ്രിഡ് പദ്ധതിയെ കുറിച്ചും ഈ ലക്കത്തിൽ വായിക്കാം. നവകേരളം കർമ്മപദ്ധതിയിൽ ഉൾപ്പെടുന്ന ആർദ്രം മിഷനിലെ പത്ത് പ്രധാന പ്രവർത്തന മേഖലകളിലൊന്നാണ് പാലിയേറ്റീവ് കെയർ. സമഗ്ര പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ പ്രകാരമാണ് പാലിയേറ്റീവ് കെയർ ഗ്രിഡ് രൂപീകരിച്ചത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന പാലിയേറ്റീവ് പരിചരണത്തിലൂടെ നിലവിൽ 114439 രോഗികൾക്ക് പരിചരണം നൽകുന്നുണ്ട്.

സാധാരണക്കാരുടെ ജീവിതത്തിലേക്ക് നേരിട്ട് ഇടപെട്ട് അവരെ കൈ പിടിച്ചുയർത്തുന്ന പ്രവർത്തനങ്ങളിലൂടെ രാജ്യത്തിന് തന്നെ മാതൃകയാവുകയാണ് കേരളത്തിലെ തദ്ദേശസ്വയംഭരണ വകുപ്പ്

**ദീപ കെ.**
എഡിറ്റർ

# രണ്ടാം പിണറായി സർക്കാരിന്റെ
# നാലാം വാർഷികാഘോഷത്തിൽ നിന്ന്

















# ഉള്ളടക്കം


06 ഡിജി കേരളം
സാധാരണ ജനങ്ങളുടെ ശാക്തീകരണത്തിന്

08 'ഡിജി പുല്ലമ്പാറ'
'ഡിജി കേരളം' ആയ കഥ...

16 കുടുംബശ്രീ, മികവിന്റെ നിറവിൽ

22 പറന്നുയർന്ന് ശലഭം

24 വായനയുടെ വസന്തത്തിലേക്ക്

26 ഒന്നാം സ്ഥാനത്തിന്റെ തിളക്കത്തിൽ
പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്

30 പാലിയേറ്റീവ് പരിചരണം

33 സാന്ത്വന പരിചരണം കേരളത്തിൽ

38 തണ്ണിമത്തൻ മുതൽ മുല്ലപ്പൂവരെ
കാർഷികസമൃദ്ധിയുടെ ചിറക്കര മാതൃക

40 അതുല്യ നേട്ടവുമായി ഒറ്റൂർ ഹരിതകർമ്മ സേന

**എം ബി രാജേഷ്**
തദ്ദേശ സ്വയംഭരണ, എക്സൈസ്, പാർലിമെന്ററികാര്യ വകുപ്പ് മന്ത്രി

# ഡിജി കേരളം
## സാധാരണ ജനങ്ങളുടെ ശാക്തീകരണത്തിന്

**തങ്ങൾക്ക് ലഭിക്കേണ്ട അവകാശങ്ങൾ, സേവനങ്ങൾ, സഹായങ്ങൾ എന്നിവ സാങ്കേതികവിദ്യ ഉപയോഗിച്ച് എളുപ്പം നേടിയെടുക്കാൻ സാധാരണക്കാരെ ശാക്തീകരിക്കുകയെന്ന വലിയ ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പാക്കുന്ന വിപുലമായ പദ്ധതിയാണ് ഡിജി കേരളം. ഡിജിറ്റൽ ഡിവൈഡ് ഇല്ലാതാക്കി വിവരസാങ്കേതികവിദ്യയെ സാധാരണ ജനങ്ങളുടെ നിത്യജീവിതത്തിന്റെ അഭേദ്യഭാഗമാക്കാനുള്ള വലിയ യത്നമാണ് ഇതുവഴി നടക്കുന്നത്.**



ഡിജിറ്റൽ സാങ്കേതികവിദ്യ ഒരു വിഭാഗത്തിന്റെ മാത്രം കുത്തകയായിരിക്കുകയും മറ്റൊരു വിഭാഗം അതിന്റെ പരിധിക്ക് പുറത്തായിരിക്കുകയും ചെയ്യുന്നത് തികഞ്ഞ അസമത്വമാണ്. ഈ അസമത്വം ഇല്ലാതാക്കി ഡിജിറ്റൽ തുല്യത കൈവരിക്കുകയെന്ന സാമൂഹ്യല ക്ഷ്യമാണ് കേരളം മുന്നോട്ടുവെക്കുന്നത്. എല്ലാ ജനങ്ങൾക്കും ഡിജിറ്റൽ സാങ്കേതികവിദ്യയും അതുകൊണ്ടുള്ള പ്രയോജനങ്ങളും പ്രാപ്യമാക്കാനാണ് പദ്ധതി. മൊബൈൽ ഫോണും ഇന്റർനെറ്റ് സൗക ര്യവും ഉപയോഗിക്കാൻ കേരളത്തിലെ മുഴുവൻ ജനങ്ങളെയും ഇതിലൂടെ പരിശീലിപ്പിക്കുന്നു.



തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സർക്കാരിൽ നിന്നും ലഭിക്കേണ്ട സേവനങ്ങൾ വേഗത്തിലും സുഗമമായും ലഭിക്കാനുള്ള ഓൺലൈൻ സേവന സംവിധാനങ്ങൾ ഇതിനകം ഏർപ്പെടുത്തി ക്കഴിഞ്ഞു. നഗരസഭകളിലും കോർപറേഷനുകളിലും ഏർപ്പെടുത്തിയ കെ-സ്മാർട്ട് എന്ന ഓൺലൈൻ സേവന സംവിധാനം ഗ്രാമ പഞ്ചായത്തുകൾ അടക്കമുള്ള എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളിലേക്കും വ്യാപിപ്പിച്ചുകഴിഞ്ഞു. അതിനാൽ ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കാനും സേവനങ്ങൾ സ്വീകരിക്കാനും കേരളത്തിലെ എല്ലാ ജനങ്ങളെയും പരിശീലിപ്പിക്കേണ്ടതുണ്ട്. ഒപ്പം ഡിജിറ്റൽ ലോകത്തെ മറ്റ് സംവിധാനങ്ങളും ജന ങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിയും. ഇതിനായി ആവിഷ്കരിച്ച ഡിജിറ്റൽ സാക്ഷരതാ പ്രസ്ഥാനമാണ് ഡിജി കേരളം.

സംസ്ഥാനത്തുടനീളം 305239 വളണ്ടിയർമാരെ യാണ് ഡിജിറ്റൽ സാക്ഷരതയില്ലാത്തവരെ കണ്ടെത്താനും അവർക്ക് പരിശീലനം നൽകാനുമായി നിയോഗിച്ചത്. കുടുംബശ്രീ പ്രവർത്തകർ, ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ, സാക്ഷരതാ മിഷൻ പ്രേരക്മാർ, എസ് സി-എസ് ടി പ്രൊമോട്ടർമാർ, തൊഴിലുറപ്പു പദ്ധതി മേറ്റുമാർ, നാഷണൽ സർവീസ് സ്കീം, എൻ സി സി, നെഹ്റു യുവ കേന്ദ്ര, സന്നദ്ധസേന വളണ്ടിയർമാർ, ലൈബ്രറി കൗൺസിൽ, സംസ്ഥാന യുവജന ക്ഷേമ ബോർഡ്, സന്നദ്ധ സംഘടനകൾ, യുവജനങ്ങൾ, വിദ്യാർത്ഥികൾ എന്നിവരിൽ നിന്ന് ഡിജിറ്റൽ സാക്ഷരരായ വളണ്ടിയർമാരെയാണ് വിവര ശേഖരണത്തിനും പരിശീലനത്തിനുമായി നിയോഗിച്ചത്.

14 വയസ്സിനു മുകളിൽ പ്രായമുള്ള മുഴുവൻ ആളുകളുടെയും വിവരശേഖരണം തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ നടത്തി. 2024 നവംബർ 25 വരെ 8329457 കുടുംബങ്ങളിലെ 14993655 പേരെ ഇതിനായി സർവ്വേ ചെയ്തു. ഡിജിറ്റൽ സാക്ഷരതാ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 305239 വളണ്ടിയർമാരാണ് സർവ്വേ നടത്തിയത്. ഇതിൽ ഡിജിറ്റൽ സാക്ഷരത ഇല്ലാത്ത 2186909 പേരെ പഠിതാക്കളായി കണ്ടെത്തി. ഇതിൽ 15214 പേർ 90 വയസ്സിനു മുകളിൽ പ്രായമുള്ളവരാണ്. 2175886 പഠിതാക്കൾ പരിശീലനം പൂർത്തിയാക്കി. മൂല്യനിർണയത്തിന് വിധേയ രായവരിൽ 2174180 പേർ വിജയിച്ചു. 99.41 ശതമാനം വിജയം. പരിശീലനത്തിന് ശേഷം 14 മുതൽ 65 വയസ്സ് വരെയുള്ളവരെ അന്തിമ മൂല്യനിർണയത്തിന് വിധേയരാക്കി. 14 ചോദ്യങ്ങളാണ് അന്തിമ മൂല്യ നിർണയത്തിലുള്ളത്. ഇതിനു ശേഷം മൂന്ന് തലങ്ങളിൽ സൂപ്പർ ചെക്ക് നടത്തി. ജില്ലാ, സംസ്ഥാന തലങ്ങളിൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥ സംവിധാനം ഉപയോഗിച്ചാണ് സൂപ്പർ ചെക്ക് നടത്തിയത്. ഒരു ബാഹ്യ ഏജൻസിയെയും ഇതിനായി നിയോഗിച്ചു. സംസ്ഥാന സ്റ്റാറ്റിസ്റ്റിക്സ് വകുപ്പാണ് ബാഹ്യ ഏജൻസി. സൂപ്പർ ചെക്കിൽ ഡിജിറ്റൽ സാക്ഷരത നേടാത്തവരായി കണ്ടെ ത്തിയവർക്ക് വീണ്ടും പരിശീലനം നൽകി അവരെ ഡിജിറ്റൽ സാക്ഷരരാക്കി. ഇനി സമ്പൂർണ ഡിജിറ്റൽ സാക്ഷര സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കുന്ന പ്രക്രിയ മാത്രമേ ബാക്കിയുള്ളൂ.

ഭരണത്തിന്റെ എല്ലാ തലങ്ങളിലും നിന്ന് ലഭിക്കേണ്ട സേവനങ്ങളും അവകാശങ്ങളും എളുപ്പത്തിൽ നേടിയെടുക്കാൻ തക്കവണ്ണം സാധാരണ ജനങ്ങൾക്ക് കാര്യശേഷി നൽകുന്ന വിപുലമായ ശാക്തീകരണ പ്രക്രിയ കൂടിയാണ് ഡിജി കേരളം.




# 'ഡിജി പുല്ലമ്പാറ' 'ഡിജി കേരളം' ആയ കഥ...

ഡിജിറ്റൽ സാക്ഷരത എന്ന ആശയം അടിസ്ഥാനമാക്കി 'ഡിജിറ്റൽ ഇന്ത്യ' പദ്ധതിയിൻ കീഴിൽ 'ദേശീയ ഡിജിറ്റൽ സാക്ഷരത മിഷൻ' വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നുണ്ട്. അക്ഷയ കേന്ദ്രങ്ങൾ മുഖേന ഒരു കുടുംബത്തിലെ ഒരാൾക്ക് വീതം ഡിജിറ്റൽ സാക്ഷരത നൽകുന്ന പദ്ധതിയാണ് പ്രധാനമായും ഏറ്റെടുത്ത് നടത്തുന്നത്. ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും ഒരു പഞ്ചായത്തിലെയോ ഗ്രാമത്തിലെയോ മുഴുവൻ ആളുകൾക്കും ഡിജിറ്റൽ സാക്ഷരത നൽകുന്ന പദ്ധതി രാജ്യത്ത് എവിടെയും ചെയ്ത് കണ്ടിട്ടില്ല.

**സജിനാ സത്താർ**
അസിസ്റ്റന്റ് ഡയറകടർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്

## 'ഡിജിറ്റൽ സാക്ഷരത'യുടെ ആവശ്യകത

സാങ്കേതികതയിൽ ഉണ്ടാവുന്ന മുന്നേറ്റങ്ങൾ പലപ്പോഴും ഏറ്റവും അവസാനം എത്തുന്നത് സ്ത്രീകളിലാണ്. സമൂഹത്തിൽ അവർ നേരിടുന്ന പിന്നാക്കാവസ്ഥയുടെ ബാക്കി പത്രമാണ് അത്. അവരുടെ നിരക്ഷരതയും വിവരസാങ്കേതിക വിദ്യാവബോധത്തിന്റെ അഭാവവും കാരണം പലപ്പോഴും സ്ത്രീകൾ ചൂഷണം ചെയ്യപ്പെടുന്നു. ഒരു സ്മാർട്ട് ഫോൺ ഉപയോഗിയ്ക്കാൻ അറിയാമായിരുന്നുവെങ്കിൽ, അതിൽ ഓൺലൈൻ ബാങ്കിംഗ് സേവനങ്ങൾ ഉപയോഗിയ്ക്കാൻ അറിയാമായിരുന്നുവെങ്കിൽ, അവരവരുടെ ബാങ്ക് അക്കൗണ്ടിൽ വേതനം ക്രഡിറ്റ് ആവുന്നോ ഇല്ലയോ എന്നറിയാൻ കഴിഞ്ഞിരുന്നുവെങ്കിൽ, ഓട്ടോറിക്ഷയിൽ പഞ്ചായത്തിലെ ഏക ATM-ന് മുന്നിലെത്തി ക്യൂ പാലിച്ച് ബാങ്ക് ബാലൻസ് അറിയേണ്ട ബുദ്ധിമുട്ട് ആ അമ്മമാർക്ക് നേരിടേണ്ടി വരില്ലായിരുന്നു. കോവിഡ് മഹാമാരി നമ്മുടെയൊക്കെ ലോകം വീടിനുള്ളിൽ ചുരുക്കിയ സമയത്ത് സാങ്കേതിക വിദ്യയുടെ പ്രാധാന്യം നമുക്ക് കൃത്യമായി മനസ്സിലാവുകയും ചെയ്തു. നമുക്ക് അറിയാവുന്ന ചെറിയ അറിവ് പോലും മറ്റുള്ളവർക്ക് പകർന്ന് നൽകാൻ കഴിയണം, അവരും പുതിയ സാങ്കേതിക വിദ്യകൾ പരിചയിക്കണം, പഠിക്കണം. പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനോട് ഒരു ഡിജിറ്റൽ സാക്ഷരതാ പദ്ധതിയുടെ ആശയം പറയുന്നതിന് ഈ കാരണങ്ങൾ തന്നെ ധാരാളമായിരുന്നു.

## ആദ്യ ചുവടുവയ്പ്

പദ്ധതി സംബന്ധിച്ച ആശയം മുന്നോട്ടുവച്ചതിനുശേഷം പദ്ധതി സംബന്ധിച്ച ഒരു അവതരണം പഞ്ചായത്ത് അധികൃതരുടെ മുൻപിൽ നടത്തുന്നതിന് ക്ഷണം ലഭിച്ചു. പദ്ധതിയെ സംബന്ധിച്ച വിശദമായ അവതരണത്തിൽ തൃപ്തരായ പഞ്ചായത്ത് ഭരണസമിതി, പദ്ധതിയുമായി മുന്നോട്ട് പോകുന്നതിന് ഒരേ മനസ്സോടെ തീരുമാനിക്കുകയായിരുന്നു. പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലെ മുഴുവൻ പൗരന്മാരുടെയും പ്രത്യേകിച്ച് സ്ത്രീകളുടെ ശാക്തീകരണം ഉറപ്പാക്കുവാനും ഗ്രാമപഞ്ചായത്തിന്റെ പ്രാദേശിക, സാമൂഹിക-സാമ്പത്തിക വികസനം ത്വരിതപ്പെടുത്തി സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മാതൃകയാവാനും പുല്ലമ്പാറ തയ്യാറായി. രാജ്യത്തുതന്നെ ആദ്യമായി സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത (Digital Literacy) കൈവരിച്ച തദ്ദേശ സ്ഥാപനം എന്ന ലക്ഷ്യത്തിലേക്കുള്ള ആദ്യ ചുവട് വയ്പായിരുന്നു ആ യോഗം.

## പദ്ധതികളിലെ കാലാനുസൃത മാറ്റം

ഡിജിറ്റൽ സാക്ഷരത എന്ന ആശയം അടിസ്ഥാനമാക്കി 'ഡിജിറ്റൽ ഇന്ത്യ' പദ്ധതിയിൻ കീഴിൽ 'ദേശീയ ഡിജിറ്റൽ സാക്ഷരത മിഷൻ' വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നുണ്ട്. അക്ഷയ കേന്ദ്രങ്ങൾ മുഖേന ഒരു കുടുംബത്തിലെ ഒരാൾക്ക് വീതം ഡിജിറ്റൽ സാക്ഷരത നൽകുന്ന പദ്ധതിയാണ് പ്രധാനമായും ഏറ്റെടുത്ത് നടത്തുന്നത്. ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും ഒരു പഞ്ചായത്തിലെയോ ഗ്രാമത്തിലെയോ മുഴുവൻ ആളുകൾക്കും ഡിജിറ്റൽ സാക്ഷരത നൽകുന്ന പദ്ധതി രാജ്യത്ത് എവിടെയും ചെയ്ത് കണ്ടിട്ടില്ല. 'ദേശീയ ഡിജിറ്റൽ സാക്ഷരത മിഷൻ' അക്ഷയ കേന്ദ്രങ്ങൾ വഴി നടപ്പാക്കിയ പദ്ധതിയുടെ മാതൃകയിൽ കേരളത്തിലും ഒരു പദ്ധതി ഏറ്റെടുത്തിരുന്നു. കേരള സംസ്ഥാന ഐ.ടി. മിഷൻ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുമായി സഹകരിച്ച് ഒരു കുടുംബത്തിലെ ഒരാൾക്ക് വീതം ഡിജിറ്റൽ സാക്ഷരത നൽകുന്നതിന് പദ്ധതി ആരംഭിച്ചെങ്കിലും പ്രതീക്ഷിച്ച ഫലം ഉണ്ടായില്ല. എന്നാൽ ഡിജി പുല്ലമ്പാറ പദ്ധതിയിൽ ഗ്രാമപഞ്ചായത്തിലെ എല്ലാ പൗരന്മാർക്കും ഡിജിറ്റൽ സാക്ഷരത നൽകുന്നതിനാണ് ലക്ഷ്യം വച്ചത്.

# ‘ഡിജി പുല്ലമ്പാറ - പദ്ധതിയുടെ നാൾവഴി’

## ഡിജിറ്റൽ സർവ്വേ

എല്ലാവർക്കും ഡിജിറ്റൽ സാക്ഷരത ഉറപ്പാക്കണം എങ്കിൽ ആദ്യ ഘട്ടം എന്ന നിലയിൽ ഡിജിറ്റൽ സാക്ഷരതാ പരിശീലനം ആവശ്യമുള്ളവരെ കണ്ടുപിടിക്കണമായിരുന്നു. അതിനായി ഒരു സ്റ്റാർട്ട് അപ്പ് കമ്പനിയുടെ സഹായത്തോടെ ഒരു മൊബൈൽ ആപ്പ് വികസിപ്പിച്ചു. സർവ്വേയുടെ ഔദ്യോഗിക ഉദ്ഘാടനം 2021 ആഗസ്റ്റ് 15-ന് വാമനപുരം എം. എൽ.എ. ഡി.കെ.മുരളി ഉദ്ഘാടനം ചെയ്തു. തുടർന്ന്, പഞ്ചായത്തിലെ വിദ്യാർഥികൾ, ചെറുപ്പക്കാർ, സന്നദ്ധ പ്രവർത്തകർ എന്നിവരെ ഉപയോഗിച്ച് 15 വാർഡുകളിലേയും കുടുംബങ്ങളുടെ സർവ്വേ നടത്തി. ഡിജിറ്റൽ സാക്ഷരതാ പരിശീലനം ആവശ്യമുള്ള പൗരന്മാരുടെ കണക്ക്, അവരുടെ പ്രായത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തി.

ദേശീയ ഡിജിറ്റൽ സാക്ഷരതാ മിഷന്റെ മാന ദണ്ഡം അനുസരിച്ച് 14 വയസ്സ് മുതൽ 60 വയസ്സ് വരെയുള്ളവർക്കാണ് ഡിജിറ്റൽ സാക്ഷരതാ പരിശീലനം നൽകുന്നത്. എന്നാൽ ഡിജി പുല്ലമ്പാറ പദ്ധതിയിൽ 14 വയസ്സ് മുതൽ 65 വയസ്സ് വരെയുള്ളവരെ പരിശീലിപ്പിക്കുവാൻ തീരുമാനിച്ചു. പഞ്ചായത്തിലെ 15 വാർഡുകളിലായി ആകെ 3917 പേർക്കാണ് ഡിജിറ്റൽ സാക്ഷരതാ പരിശീലനം ആവശ്യം എന്ന് സർവ്വേയിൽ കണ്ടെത്തി. ഇതിൽ 617 പേർക്ക് കാഴ്ചക്കുറവ്, മറ്റ് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ എന്നിവ കാരണം പരിശീലനത്തിൽ പങ്കെടുക്കുവാൻ കഴിഞ്ഞില്ല. ബാക്കിയുള്ള 3300 പേർക്കുള്ള പരിശീലന പരിപാടിയായ ‘ഇ-വിദ്യാരംഭം’, തിരുവനന്തപുരം ജില്ലാ കലക്ടർ നവജ്യോത് ഖോസ ഐ.എ.എസ്. 2021



ഒക്ടോബർ 18-ന് ഉദ്ഘാടനം ചെയ്തു. തുടർന്ന് ഓരോ വാർഡിലേയും പഠിതാക്കൾക്കുള്ള പരിശീലനം ആരംഭിച്ചു. വാർഡ് തല പരിശീലനങ്ങൾ കലാ-സാംസ്കാരിക മേഖലയിലെ പ്രമുഖർ ഉദ്ഘാടനം ചെയ്തു. പ്രശസ്ത സിനിമാതാരം സുരാജ് വെഞ്ഞാറമൂട് പദ്ധതിയുടെ ബ്രാൻഡ് അംബാസഡർ ആയി.

തുടർന്ന് സർവ്വേയിൽ ഡിജിറ്റൽ സാക്ഷരതാ പരിശീലനം ആവശ്യമുണ്ടെന്ന് കണ്ടെത്തിയവരിൽ പരിശീലനത്തിന് വിധേയരാകാൻ കഴിയുന്ന 3300 പേർക്കും വിവിധ രീതികൾ അവലംബിച്ച് പരിശീലനം ആരംഭിച്ചു. എ.പി.ജെ.അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയുടെ എൻ.എസ്.എസ്. വിഭാഗത്തിന്റെ സഹായത്തോടെയാണ് പരിശീലനം ആരംഭിച്ചത്. പഠിതാക്കൾക്കുള്ള പരിശീലന മോഡ്യൂൾ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവകലാശാല അംഗീകരിച്ച് നൽകി. പുല്ലമ്പാറ പഞ്ചായത്തിനോട് അടുത്ത പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ഹീരാ എഞ്ചിനീയറിംഗ് കോളേജ്, മോഹൻദാസ് എഞ്ചിനീയറിംഗ് കോളേജ്, രാജധാനി എഞ്ചിനീയറിംഗ് കോളേജ്, മുസ്ലിം അസോസിയേഷൻ കോളേജ് എന്നിവിടങ്ങളിലെ എൻ.എസ്.എസ്. യൂണിറ്റുകളിലെ 250-ൽ അധികം വരുന്ന വിദ്യാർഥികൾ പ്രാദേശിക വളണ്ടിയർമാരുമായി ചേർന്നാണ് മുഴുവൻ പഠിതാക്കൾക്കും പരിശീലനം നൽകിയത്. വീടുകൾ കയറിയും തൊഴിലുറപ്പ് പദ്ധതിയുടെ സൈറ്റുകളിൽ ഒഴിവ് സമയങ്ങളിലും, പഠിതാക്കളുടെ കൂട്ടായ്മകൾ

> പഞ്ചായത്തിലെ 15 വാർഡുകളിലായി ആകെ 3917 പേർക്കാണ് ഡിജിറ്റൽ സാക്ഷരതാ പരിശീലനം ആവശ്യം എന്ന് സർവ്വേയിൽ കണ്ടെത്തിയത്.



ഉണ്ടാകാനിടയുള്ള മറ്റ് ഇടങ്ങളിലുമാണ് പരിശീലനം നൽകിയത്.

നാല് ഘട്ട പരിശീലനം പൂർത്തിയാക്കിയ പഠിതാക്കളുടെ ഡിജിറ്റൽ സാക്ഷരത അളക്കുന്നതിനുള്ള മൂല്യനിർണ്ണയ പ്രക്രിയയും ഈ എഞ്ചിനീയറിംഗ് കോളേജുകളിലെ എൻ.എസ്.എസ്. യൂണിറ്റുകളിലെ വിദ്യാർത്ഥികളാണ് പൂർത്തിയാക്കിയത്. ഡിജിറ്റൽ സർവ്വേ നടത്തുവാൻ ഉപയോഗിച്ച മൊബൈൽ ആപ്ലിക്കേഷനിൽ പുതിയ ഒരു മോഡ്യൂൾ ചേർത്ത ശേഷമാണ് ഇവാലുവേഷൻ ആരംഭിച്ചത്. ഇവാലുവേഷന്റെ ആദ്യ ഘട്ടം ഹീരാ എഞ്ചിനീയറിംഗ്



കോളേജ്, മോഹൻദാസ് എഞ്ചിനീയറിംഗ് കോളേജ് എന്നിവിടങ്ങളിലെ വിദ്യാർഥികൾ ആരംഭിച്ചു. അവസാനവട്ട ഇവാലുവേഷൻ രാജധാനി എഞ്ചിനീയറിംഗ് കോളേജിലെ എൻ.എസ്.എസ്. വളണ്ടിയർമാർ ആണ് പൂർത്തിയാക്കിയത്. ഇതിന്റെ ഭാഗമായി രാജധാനി എഞ്ചിനീയറിംഗ് കോളേജിലെ എൻ.എസ്.എസ്. വളണ്ടിയർമാരുടെ സപ്തദിന എൻ.എസ്.എസ്. ക്യാമ്പ് തേമ്പാമൂട് ജനതാ സ്കൂളിൽ സംഘടിപ്പിച്ചു. വാമനപുരം എം.എൽ.എ. ഡി.കെ. മുരളി ഉദ്ഘാടനം ചെയ്ത ക്യാമ്പിൽ വളണ്ടിയർ മാർക്ക് പരിശീലനം നൽകുകയും അവർ വീടുകൾ കയറിയിറങ്ങി പഠിതാക്കളുടെ ഇവാലുവേഷൻ പൂർത്തിയാക്കുകയും ചെയ്തു. പരിശീലനം നൽകു വാൻ ബാക്കിയുണ്ടായിരുന്ന നാമമാത്ര പഠിതാക്കളുടെ പരിശീലനവും അവർ തന്നെ പൂർത്തിയാക്കി.

ആകെ 3300 പേരെ വിവിധ ഘട്ടങ്ങളിലായി പരിശീലിപ്പിച്ച് ഇവാലുവേഷൻ നടത്തിയതിൽ 3174 പേർ വിജയിച്ചു. അങ്ങനെ ആകെ പരിശീലിപ്പിച്ചവരിൽ 96.18% പേരും വിജയിക്കുകയുണ്ടായി. ആദ്യ ഘട്ടത്തിൽ വിജയിക്കാൻ കഴിയാതെ പോയ 126 പേർക്ക് തുടർ പരിശീലനം നൽകി.

## നേരിട്ട വെല്ലുവിളികൾ

പരിശീലനം നൽകുന്ന ഘട്ടത്തിൽ പഞ്ചായ ത്തിലെ ആറ് വാർഡുകളിൽ മൊബൈൽ റെയിഞ്ച് ഇല്ലാത്തത് മൂലം ചില ബുദ്ധിമുട്ടുകൾ ഉണ്ടായി. ഇത് തരണം ചെയ്യുന്നതിനായി വാമനപുരം എം.എൽ.എ. ഡി.കെ. മുരളിയുടെ അധ്യക്ഷതയിൽ ജില്ലാ കലക്ടർ നവജ്യോത് ഖോസ, സർവ്വീസ് പ്രൊവൈഡർമാരുടെ യോഗം വിളിക്കുകയും മൊബൈൽ റെയിഞ്ച് പ്രശ്ന ത്തിന് ഒരു ശാശ്വത പരിഹാരം കാണണം എന്ന് ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് റിലയൻസ് ജിയോ ഒരു പുതിയ മൊബൈൽ ടവർ സ്ഥാപിക്കു ന്നതിന് നടപടി ആരംഭിച്ചുവെങ്കിലും കാലതാമസം നേരിട്ടത് പരിശീലനത്തെയും പദ്ധതിയേയും സാരമായി ബാധിച്ചു. ഈ സാഹചര്യത്തിൽ രാജ്യസഭാ എം.പി. ജോൺ ബ്രിട്ടാസ് വിഷയത്തിൽ ഇടപെ ടുകയും വളരെ പെട്ടെന്ന് മൊബൈൽ ടവർ സ്ഥാപിക്കുകയും ചെയ്തു. തുടർന്ന് വളരെ വേഗം പരിശീലനം പൂർത്തിയാക്കുവാനും കഴിഞ്ഞു. ഒട്ടേറെ വളണ്ടിയർമാർ ലാഭേച്ഛകൂടാതെ കൂടാതെയാണ് ഈ യജ്ഞത്തിൽ പങ്കാളികൾ ആയത്. എന്നിരുന്നാലും വീടുകൾ കയറി ഇറങ്ങി പദ്ധതി പ്രവർത്തനങ്ങളിൽ ഭാഗമായവരെ പഠിതാക്കൾ ഉള്ള സ്ഥലങ്ങളിൽ എത്തിക്കുന്നതിനുള്ള വാഹന സൗകര്യം ഏർപ്പെടുത്തുക, അവർക്ക് ഭക്ഷണം നൽകുക എന്നി വയ്ക്ക് സുമനസ്സുകളുടെ സംഭാവനകൾ കരുത്തേകി. കോവിഡ് മഹാമാരിയുടെ തരംഗത്തിനിടയിലും മുൻകരുതലുകൾ എടുത്ത് സാമൂഹിക അകലം പാലിച്ച് കൊണ്ടാണ് പരിശീലനം പൂർത്തിയാക്കിയത്.

## ചരിത്ര പ്രഖ്യാപനം

എല്ലാ പൗരന്മാർക്കും ഡിജിറ്റൽ സാക്ഷരത നൽകി സംസ്ഥാനത്തെ ആദ്യ സമ്പൂർണ്ണ ഡിജിറ്റൽ







ഗ്രാമപഞ്ചായത്ത് ആക്കി പുല്ലമ്പാറ ഗ്രാമപഞ്ചായത്തിനെ മാറ്റിയ 'ഡിജി–പുല്ലമ്പാറ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പദ്ധതിയുടെ' പൂർത്തീകരണ പ്രഖ്യാപനം 2022 സെപ്റ്റംബർ 21–ന് ബുധനാഴ്ച 4 മണിക്ക്, പുല്ലമ്പാറ സ്റ്റേഡിയം ഗ്രൗണ്ടിൽ നടന്ന പ്രൌഢ ഗംഭീരമായ ചടങ്ങിൽ കേരള മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. ഒരു സമൂഹത്തിനാകെ ഡിജിറ്റൽ സാക്ഷരത നൽകുവാൻ ഏറ്റെടുത്ത ഉദ്യമത്തെയും അതിന് പിന്നിൽ പ്രവർത്തിച്ചവരെയും മുഖ്യമന്ത്രി പ്രശംസിച്ചു. മറ്റ് തദ്ദേശ സ്ഥാപനങ്ങളിലേക്ക് കൂടി പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള പ്രാഥമിക ആശയം ചടങ്ങിൽ രൂപം പ്രാപിയ്ക്കുകയും ചെയ്തു.

## 'ഡിജി കേരളം' പദ്ധതിയുടെ തുടക്കം

'ഡിജി–പുല്ലമ്പാറ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പദ്ധതിയുടെ' ഉജ്ജ്വലമായ വിജയം ഇതേ മാതൃക സ്വീകരിക്കുന്നതിന് മറ്റ് തദ്ദേശ സ്ഥാപനങ്ങൾക്കും പ്രചോദനമേകി. ഡിജിറ്റൽ സാക്ഷരതാ പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ കേരളമൊട്ടാകെ ഏറ്റെടുക്കുന്നത് സംബന്ധിച്ച് സർക്കാർ ചർച്ചചെയ്തു. തൽഫലമായി 'ഡിജി കേരളം' എന്ന പേരിൽ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പദ്ധതിയ്ക്ക് ആരംഭം കുറിച്ചു. മുഖ്യമന്ത്രിയുടെയും മുൻ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്ററുടെയും നിലവിലെ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി, രാജേഷിന്റേയും പ്രത്യേക താൽപര്യവും ഉപദേശങ്ങളും പദ്ധതിയ്ക്ക് ഊടും പാവും നൽകി.

## ഡിജി കേരളം - അവലംബിച്ച രീതികൾ

പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ നടത്തിയ ഡിജിറ്റൽ സാക്ഷരത പദ്ധതി, അതേ മാതൃകയിലാണ് സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിച്ചത്. എന്നിരുന്നാലും സംസ്ഥാനം ഒട്ടാകെ നടപ്പിലാക്കുന്ന പദ്ധതി എന്ന നിലയ്ക്ക് ആവശ്യമായ മാറ്റങ്ങളും വരുത്തി. കേരളത്തിലൊട്ടാകെ 2,57,000 വളണ്ടിയർമാർ പദ്ധതിയുടെ ഭാഗമായി. പദ്ധതിയുടെ വളണ്ടിയറായി പങ്കെടുക്കുവാൻ താത്പര്യം ഉള്ളവർക്ക് രജിസ്റ്റർ ചെയ്യുന്നതിന് ഡിജി കേരളം പദ്ധതിയുടെ വെബ്പോർട്ടലിൽ ലിങ്ക് സജ്ജീകരിച്ചു. തുടർന്ന് ഡിജിറ്റൽ സാക്ഷരരല്ലാത്തവരെ കണ്ടെത്തുന്നതിനുള്ള സർവ്വേ പ്രവർത്തനങ്ങൾ വളണ്ടിയർമാർ മുഖാന്തിരം നടത്തി. 83,45,879 കുടുംബങ്ങളിലായി 1,50,82,536 പേരെ സർവ്വേ ചെയ്തു.

14 വയസ്സിന് മുകളിലുള്ള എല്ലാ പൗരന്മാർക്കും ഡിജിറ്റൽ സാക്ഷരത ഉറപ്പാക്കുന്ന രീതിയിൽ ആണ് പദ്ധതി നടപ്പിലാക്കിയത്. ഒരു കുടുംബത്തിലെ ഒരു വ്യക്തിയ്ക്ക് മാത്രം പരിശീലനം നൽകുന്ന, മുമ്പ് നടപ്പിലാക്കിയ പദ്ധതികളിൽ നിന്ന് വിഭിന്നമായി മുഴുവൻ പൗരന്മാരുടെയും ഡിജിറ്റൽ സാക്ഷരത ഈ പദ്ധതി വഴി ഉറപ്പാക്കി. പരിശീലനം ആവശ്യമുള്ള 21,88,398 പേരിൽ 21,87,966 (99.98%) പഠിതാക്കളുടെയും പരിശീലനം പൂർത്തിയാക്കി. വളണ്ടിയർമാർക്ക് പരിശീലനം നൽകി, അവർ മുഖേനയാണ് ഇവരെ പരിശീലിപ്പിച്ചത്. ശാസ്ത്രീയമായി തയ്യാറാക്കിയ മോഡ്യൂളുകൾ ഉപയോഗിച്ചാണ് പഠിതാക്കൾക്ക് ക്ലാസ്സുകൾ എടുത്തത്.

പരിശീലനം പൂർത്തിയാക്കിയവരെ മൂല്യനിർണ്ണയ പ്രക്രിയയ്ക്ക് വിധേയരാക്കി. മൂല്യനിർണ്ണയത്തിൽ

'ഡിജി–പുല്ലമ്പാറ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പദ്ധതിയുടെ' ഉജ്ജ്വലമായ വിജയം മറ്റ് തദ്ദേശ സ്ഥാപനങ്ങളും ഇതേ മാതൃക സ്വീകരിയ്ക്കുന്നതിന് പ്രചോദനമായി.

പരാജയപ്പെട്ടവർക്ക് വീണ്ടും പരിശീലനം നൽകുകയും അവരെ ഒരിക്കൽ കൂടി മൂല്യനിർണ്ണയത്തിന് വിധേയരാക്കുകയും ചെയ്തു. 14 വയസ്സ് മുതൽ 65 വയസ്സ് വരെയുള്ള എല്ലാവരെയും നിർബന്ധിത മൂല്യ നിർണ്ണയത്തിന്റെ ഭാഗമാക്കി. പരിശീലനം പൂർത്തിയാക്കിയ 21,87,966 പഠിതാക്കളിൽ 21,87,667 പേരും മൂല്യനിർണ്ണയത്തിൽ വിജയിച്ച് ഡിജിറ്റൽ സാക്ഷരത കൈവരിച്ചു.





'ഡിജി കേരളം' പദ്ധതിയുടെ സുതാര്യത ഉറപ്പാക്കുന്നതിനായി ജില്ലാതലത്തിൽ ജില്ലാ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ സൂപ്പർ ചെക്ക് പ്രക്രിയ പൂർത്തീകരിച്ചു. സൂപ്പർചെക്കിൽ 10 ശതമാനത്തിൽ അധികം പഠിതാക്കൾ പരാജയപ്പെട്ട എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സർവ്വേയിലൂടെ കണ്ടെത്തിയ എല്ലാ പഠിതാക്കൾക്കും വീണ്ടും പരിശീലനം നൽകുകയും ചെയ്തു. ഇത് കൂടാതെ 'ഡിജി കേരളം' പദ്ധതിയുടെ തേർഡ് പാർട്ടി മൂല്യ നിർണ്ണയം സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പിന്റെ നേതൃത്വത്തിൽ നടത്തി. ഇതിൽ തുടർപരിശീലനം ആവശ്യമുണ്ട് എന്ന് കണ്ടെത്തിയവർക്കുള്ള തുടർ പരിശീലനവും വിജയകരമായി പൂർത്തിയാക്കി.

കുടുംബശ്രീ പ്രവർത്തകർ, ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ, സാക്ഷരതാ മിഷൻ പ്രേരക്മാർ, എസ്.സി.-എസ്.റ്റി. പ്രൊമോട്ടർമാർ, തൊഴിലുറപ്പ് പദ്ധതി മേറ്റുമാർ, NSS, NCC, NYK, സന്നദ്ധസേനാ വോളണ്ടിയർമാർ, ലൈബ്രറി കൗൺസിൽ, യുവജന ക്ഷേമ ബോർഡ്, സന്നദ്ധ സംഘടനകൾ, യുവതീ-യുവാക്കൾ, വിദ്യാർത്ഥികൾ എന്നിവർ ഉൾപ്പെട്ട ഡിജിറ്റൽ സാക്ഷരരായ വളണ്ടിയർമാരെ ഉപയോഗിച്ചാണ് വിവരശേഖരണവും പരിശീലനവും മൂല്യനിർണ്ണയവും നടത്തിയത്. പദ്ധതി പ്രവർത്തനങ്ങൾക്കായി ഒരു വെബ് പോർട്ടലും, മൊബൈൽ ആപ്ലിക്കേഷനും സജ്ജീകരിച്ചിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും വിവിധ വകുപ്പുകളുടെയും പൊതു





സമൂഹത്തിന്റെയും പരിപൂർണ്ണ സഹകരണം കൊണ്ട് 'ഡിജി കേരളം-സമ്പൂർണ ഡിജിറ്റൽ സാക്ഷരത പദ്ധതി' പൂർണ്ണ വിജയത്തിലെത്തിക്കുവാൻ സാധിച്ചത്. പദ്ധതി ആരംഭിക്കുന്ന സമയത്ത് പ്രിൻസിപ്പൽ ഡയറക്ടർ സ്ഥാനം വഹിച്ചിരുന്നത് എം.ജി, രാജ മാണിക്യം ഐ.എ.എസ്. ആയിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടത്തിയ ഒട്ടേറെ ചർച്ചകൾക്കും പ്രവർത്തനങ്ങൾക്കും ശേഷമാണ് ഡിജി കേരളം പദ്ധതിയുടെ നിർവ്വഹണ രീതി അന്തിമമാക്കിയത്. തുടർന്ന് പ്രിൻസിപ്പൽ ഡയറക്ടർ സ്ഥാനത്ത് എത്തിയ സീറാം സാംബശിവറാവു ഐ.എ.എസ്.-ന്റെ നേതൃത്വം പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സഹായകമായി.

## തുടർ പ്രവർത്തനം

കേരളത്തിലെ എല്ലാ പൗരന്മാർക്കും ഡിജിറ്റൽ സാക്ഷരത നൽകുന്നതിൽ പദ്ധതി പ്രവർത്തനങ്ങളുടെ ആദ്യ ഘട്ടം മാത്രമേ പൂർത്തിയാകുന്നുള്ളൂ. രണ്ടാം ഘട്ടമായി ഡിജിറ്റൽ സാക്ഷരത എന്നതിലുപരി ഡിജിറ്റൽ വിദ്യാഭ്യാസം നൽകുന്നതിനും പദ്ധതിയുണ്ട്. ഓൺലൈൻ ബാങ്കിംഗ് ഉൾപ്പെടെ നടത്തുമ്പോൾ സൈബർ ഇടങ്ങളിൽ ശ്രദ്ധ ചെലുത്തേണ്ട കാര്യങ്ങൾ, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കെ-സ്മാർട്ട് പോലെയുള്ള പോർട്ടലുകൾ മറ്റുള്ളവരുടെ സഹായമില്ലാതെ ഉപയോഗിയ്ക്കാൻ കഴിയുക തുടങ്ങി ഡിജിറ്റൽ ആയ എല്ലാ സേവനങ്ങളും ഓരോ പൗരനും അനുഭവവേദ്യമാക്കുക, യുവതീ-യുവാക്കൾക്ക് അവരുടെ ഭാവി ജീവിതത്തിന് ഉതകുന്ന തരത്തിലുള്ള പരിശീലനം എന്നിങ്ങനെ പ്രായവും വിദ്യാഭ്യാസവും അടിസ്ഥാനമാക്കി കൂടുതൽ ആഴത്തിലുള്ള പരിശീലനം നൽകാനാണ് സർക്കാർ 'ഡിജി കേരളം' രണ്ടാം ഘട്ടത്തിൽ ലക്ഷ്യം വയ്ക്കുന്നത്.

## മറ്റുള്ളവർക്ക് എന്നും മാതൃകയാവുന്ന യഥാർത്ഥ കേരള കഥ

സമൂഹത്തിന്റെ സർവ്വതോമുഖമായ വികസനത്തിന് കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. വിദ്യാഭ്യാസം, ആരോഗ്യപരിചരണം, ലിംഗസമത്വം, സാമൂഹ്യനീതി എന്നിവയിലൊക്കെ കേരളം ദേശീയ തലത്തിൽ മുൻനിരയിൽ നിലകൊള്ളുന്നു. ലോകാരോഗ്യ സംഘടനയും യൂണിസെഫും അടക്കമുള്ള അന്താരാഷ്ട്ര സംഘടനകൾ പോലും കേരള മോഡൽ വികസനത്തെ അഭിനന്ദിച്ചിട്ടുണ്ട്. ജനസംഖ്യാ നിയന്ത്രണം, സാക്ഷരത, കുട്ടികളുടെയും സ്ത്രീകളുടെയും സുരക്ഷ എന്നിവയിൽ കേരളം കൈവരിച്ച നേട്ടങ്ങളും കേരളത്തിലെ വികേന്ദ്രീകൃത ആസൂത്രണത്തിന്റെയും മാതൃക മറ്റ് സംസ്ഥാനങ്ങൾ പല ഘട്ടങ്ങളിലായി പഠന വിധേയമാക്കിയിട്ടുണ്ട്. ആ കൂട്ടത്തിലേക്ക് ഇനി ഡിജിറ്റൽ സാക്ഷരതയും ചേർക്കപ്പെടുകയാണ്.



# കുടുംബശ്രീ, മികവിന്റെ നിറവിൽ

പ്രവർത്തന പഥങ്ങളിൽ അഭിമാനകരമായ ഇരുപത്തിയേഴ് വർഷങ്ങൾ പൂർത്തിയാക്കി ഇരുപത്തെട്ടാം വർഷത്തിലേക്ക് കടന്നിരിക്കുകയാണ് കേരളത്തിന്റെ സ്വന്തം കുടുംബശ്രീ. സ്ത്രീശാക്തീകരണ, ദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങളിൽ സമാനതകളില്ലാത്ത നേട്ടങ്ങൾ കൈവരിച്ചുകൊണ്ടാണ് ഈ ജൈത്രയാത്ര. സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവുമായ ശാക്തീകരണം കൈവരിച്ചുകൊണ്ട് സാധാരണക്കാരായ സ്ത്രീകൾ ഇന്ന് കേരളത്തിന്റെ വികസന പ്രക്രിയയിൽ പങ്കാളിത്തം വഹിക്കുന്നു.

കുടുംബശ്രീയുടെ ഇരുപത്തിയേഴാം വാർഷികം മെയ് 17ന് തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ ലളിതവും പ്രൗഢഗംഭീരവുമായ രീതിയിലാണ് ആഘോഷിച്ചത്. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ വിവിധ മേഖലകളിലെ പ്രവർത്തന മികവിന് അംഗീകാരം നൽകിയതാണ് ഈ വർഷത്തെ കുടുംബശ്രീ വാർഷികാഘോഷങ്ങളുടെ പ്രത്യേകത. പതിനേഴ് വിഭാഗങ്ങളിലാണ് കുടുംബശ്രീ അവാർഡ് നൽകിയത്. ഇതിന് മുമ്പ് മികച്ച സി.ഡി.എസുകൾക്ക് അവാർഡു നൽകിയിട്ടുണ്ടെങ്കിലും ഇത്രയും വിഭാഗങ്ങളിലെ പ്രവർത്തനമികവിന് കുടുംബശ്രീ



**കുടുംബശ്രീ ഇരുപത്തിയേഴാം വാർഷികാഘോഷം മന്ത്രി എം.ബി രാജേഷ് ഉദ്ഘാടനം ചെയ്യുന്നു**

അംഗീകാരം ഏർപ്പെടുത്തുന്നത് ഇതാദ്യമാണ്. കുടുംബശ്രീ പദ്ധതി പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിന്റെയും മികവുറ്റതും ശ്രദ്ധേയവുമായ നേട്ടങ്ങൾക്ക് ആദരം നൽകുന്നതിന്റെയും ഭാഗമായാണ് അവാർഡ് ഏർപ്പെടുത്തിയത്.

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷൽ സെക്രട്ടറി അധ്യക്ഷയും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കൺവീനറുമായ സംസ്ഥാനതല പുരസ്കാര നിർണയ കമ്മിറ്റിയാണ് പതിനേഴ് വിഭാഗങ്ങളിൽ നിന്നുള്ള സംസ്ഥാനതല വിജയികളെ തിരഞ്ഞെടുത്തത്.

കുടുംബശ്രീ സംസ്ഥാനതല അവാർഡ് മത്സരത്തിൽ മികവ് പുലർത്തിയ മാതൃകാ പ്രവർത്തനങ്ങളുടെ വീഡിയോ പ്രദർശനത്തോടെയായിരുന്നു ഈ വർഷത്തെ ഉദ്ഘാടന പരിപാടികളുടെ തുടക്കം. ജില്ലകളിൽ നിന്നും അവാർഡ് ജേതാക്കൾ രാവിലെ തന്നെ ടാഗോർ തിയേറ്ററിൽ അവാർഡ് സ്വീകരിക്കാനായി എത്തിയിരുന്നു.

മികച്ച അയൽക്കൂട്ടം, മികച്ച എ.ഡി.എസ്, മികച്ച ഓക്സിലറി ഗ്രൂപ്പ്, മികച്ച ഊരുസമിതി, മികച്ച സംരംഭ ഗ്രൂപ്പ്, മികച്ച സംരംഭക, മികച്ച ഓക്സിലറി സംരംഭം, മികച്ച സി.ഡി.എസ്(സംയോജന പ്രവർത്തനം, തനതു പ്രവർത്തനം, ഭരണ നിർവഹണം, മൈക്രോ ഫിനാൻസ്)മികച്ച സി.ഡി.എസ് (സാമൂഹ്യ വികസനം, ജെൻഡർ),മികച്ച സി.ഡി.എസ്(ട്രൈബൽ പ്രവർത്തനം), മികച്ച സി.ഡി.എസ് (കാർഷിക മേഖല), മികച്ച സി.ഡി.എസ്(കാർഷികേതര മേഖല), മികച്ച ബഡ്സ് സ്ഥാപനം, മികച്ച ജെൻഡർ റിസോഴ്സ് സെന്റർ, മികച്ച സ്നേഹിത, മികച്ച ജില്ലാ മിഷൻ, മികച്ച പബ്ളിക് റിലേഷൻസ് പ്രവർത്തനങ്ങൾ നടത്തിയ ജില്ല എന്നിങ്ങനെ പതിനേഴ് വിഭാഗങ്ങളിൽ കുടുംബശ്രീ അവാർഡ് വിതരണം ചെയ്തു. കാഷ് അവാർഡും മെമന്റോയും സർട്ടിഫിക്കറ്റും അടങ്ങിയ അവാർഡ് പ്രവർത്തകർക്ക് ആത്മാഭിമാനവും ആത്മവിശ്വാസവും പകർന്നു.

കുടുംബശ്രീ ഇരുപത്തിയേഴാം വാർഷികാഘോഷവും സംസ്ഥാനതല അവാർഡ് വിതരണവും കെ-ലിഫ്റ്റ് ഉപജീവന ക്യാമ്പയിൻ പൂർത്തീകരണ പ്രഖ്യാപനവും തദ്ദേശ സ്വയംഭരണ എക്സൈസ് പാർലമെന്ററികാര്യവകുപ്പ് മന്ത്രി എം.ബി രാജേഷ് നിർവഹിച്ചു. കുടുംബശ്രീ കെ-ലിഫ്റ്റ് ഉപജീവന ക്യാമ്പയിൻ പൂർത്തീകരണ പ്രഖ്യാപനവും മന്ത്രി നിർവഹിച്ചു.



**മികച്ച ഊരുസമിതിക്കുള്ള ഒന്നാം സ്ഥാനം നേടിയ പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ളോക്കിലെ ദൈവഗുണ്ഡ് ജെല്ലിപ്പാറ ഊരുസമിതി മന്ത്രിമാരായ എം.ബി. രാജേഷ്, വി. ശിവൻകുട്ടി എന്നിവരിൽ നിന്നും അവാർഡ് സ്വീകരിക്കുന്നു**



**മികച്ച അയൽക്കൂട്ടത്തിനുള്ള അവാർഡ് നേടിയ വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി സി.ഡി. എസിലെ പൗർണമി അയൽക്കൂട്ടം ഭാരവാഹികൾക്ക് മന്ത്രി മാരായ എം.ബി രാജേഷ്, വി. ശിവൻകുട്ടി എന്നിവർ അവാർഡ് സമ്മാനിക്കുന്നു.**




**മികച്ച എ.ഡി.എസിനുള്ള ഒന്നാം സ്ഥാനം നേടിയ തൃശൂർ ജില്ലയിലെ വരവൂർ എ.ഡി.എസ് പ്രതിനിധികൾക്ക് മന്ത്രി എം.ബി രാജേഷ് അവാർഡ് സമ്മാനിക്കുന്നു.**



**മികച്ച ഓക്സിലറി ഗ്രൂപ്പിനുള്ള ഒന്നാം സ്ഥാനം നേടിയ വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി സി.ഡി.എസിലെ ധ്വനി ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ മന്ത്രിമാരായ എം.ബി. രാജേഷ്, വി. ശിവൻകുട്ടി എന്നിവരിൽ നിന്നും പുരസ്കാരം സ്വീകരിക്കുന്നു**




# കെ–ലിഫ്റ്റ് ഉപജീവന കാമ്പയിൻ; തൊഴിൽ നൽകിയത് 3,06,862 അംഗങ്ങൾക്ക്: ഒരു ലക്ഷം വനിതകൾക്ക് കൂടി തൊഴിൽ ലഭ്യമാക്കും;

### മന്ത്രി എം.ബി രാജേഷ്

ഫെബ്രുവരിയിൽ ബജറ്റിൽ പ്രഖ്യാപിച്ച കെ-ലിഫ്റ്റ് ഉപജീവന ക്യാമ്പയിന്റെ ഭാഗമായി ഒരു വർഷത്തിനുള്ളിൽ കുടുംബശ്രീ മുഖേന 3,06,862 അയൽക്കൂട്ട അംഗങ്ങൾക്ക് കാർഷിക കാർഷികേതര ഉൽപാദന സേവന വ്യാപാര മേഖലകളിൽ സ്വയംതൊഴിലും വേതനാധിഷ്ഠിത തൊഴിലും ലഭ്യമാക്കാൻ കഴിഞ്ഞുവെന്ന് തദ്ദേശ സ്വയംഭരണ എക്സൈസ് പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി എം.ബി രാജേഷ് കുടുംബശ്രീ വാർഷികാഘോഷ പരി പാടികൾ ഉദ്ഘാടനം ചെയ്തു കൊണ്ട് പറഞ്ഞു. വിജ്ഞാന കേരളം പദ്ധതിയുമായും കെ-ഡിസ്കുമായും സഹകരിച്ചു കൊണ്ട് അടുത്ത ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം വനിതകൾക്ക് കൂടി പ്രാദേശികതലത്തിൽ വിവിധ മേഖലകളിലായി തൊഴിൽ ലഭ്യമാക്കുമെന്നും മന്ത്രി പറഞ്ഞു.

അടുക്കളയിൽ ഒതുങ്ങി കഴിഞ്ഞിരുന്ന സ്ത്രീകൾക്ക് സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ സാംസ്കാരിക ശാക്തീകരണം നേടാൻ കുടുംബശ്രീ വഴിയൊരുക്കിയെന്ന് മന്ത്രി എം.ബി രാജേഷ് പറഞ്ഞു. ദാരിദ്ര്യ നിർമാർജനം ലക്ഷ്യമിട്ടു കൊണ്ട് നിലവിൽ വന്ന കുടുംബശ്രീ ഇന്ന് വൈവിധ്യമാർന്ന പദ്ധതി

അടുക്കളയിൽ ഒതുങ്ങി കഴിഞ്ഞിരുന്ന സ്ത്രീകൾക്ക് സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ സാംസ്കാരിക ശാക്തീകരണം നേടാൻ കുടുംബശ്രീ വഴിയൊരുക്കിയെന്ന് മന്ത്രി എം.ബി രാജേഷ് പറഞ്ഞു.



പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കുന്നു. ഇന്ന് ഒന്നര ലക്ഷത്തിലേറെ സൂക്ഷ്മസംരംഭങ്ങൾ കുടുംബശ്രീയുടെ കീഴിലുണ്ട്. കൊച്ചി മെട്രോ, വാട്ടർ മെട്രോ എന്നിവയിലും പാലക്കാട് ഐ.ഐ.ടിയിലും വരെ കുടുംബശ്രീ വനിതകൾ ജോലി ചെയ്യുന്നു. കെയർ ഇക്കണോമിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കെ4കെയർ പദ്ധതി നടപ്പാക്കുന്നതിലൂടെ അഞ്ഞൂറിലേറെ വനിതകൾക്കും തൊഴിൽ ലഭ്യമായിട്ടുണ്ട്. നാല് ലക്ഷത്തിലേറെ വനിതകൾ ഇരുപതിനായിരത്തിലേറെ ഹെക്ടർ സ്ഥലത്ത് കൃഷിയിലൂടെ ഉപജീവനം കണ്ടെത്തുന്നു. കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി ചിക്കൻ ഉൽപാദനം രണ്ടു ശതമാനത്തിൽ നിന്നും എട്ടു ശതമാനമായി ഉയർത്താൻ കഴിഞ്ഞിരുന്നു. അടുത്ത വർഷം ഉൽപാദനം അമ്പത് ശതമാനമായി ഉയർത്തും. മാലിന്യ മുക്ത നവകേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിൽ കുടുംബശ്രീയുടെ ഹരിതകർമസേന കേരളത്തിന്റെ ശുചിത്വ സേനയായി മികവാർന്ന പ്രവർത്തനമാണ് കാഴ്ചവച്ചത്. ഇന്ത്യയിൽ അതിദരിദ്രരില്ലാത്ത ആദ്യത്തെ സംസ്ഥാനമാകാൻ കേരളമൊരുങ്ങുകയാണ്. 64006 അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തുകയും അതിൽ തൊണ്ണൂറു ശതമാനം കുടുംബങ്ങളെയും ദാരിദ്ര്യത്തിൽ നിന്നു മോചിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി കുടുംബങ്ങളെയും ദാരിദ്ര്യത്തിൽ നിന്നു മോചിപ്പിച്ചു കൊണ്ട് 2025 നവംബർ ഒന്നിന് അതിദാരിദ്ര്യ മുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കും. ഈ കുടുംബങ്ങളെ ദാരിദ്ര്യത്തിൽ നിന്നു മോചിപ്പിക്കുന്നതിൽ കുടുംബശ്രീ വഹിച്ച പങ്ക് വളരെ വലുതാണെന്നും അടുത്ത ഒരു വർഷത്തെ പ്രവർത്തനങ്ങൾ കുടുംബശ്രീയെ മറ്റൊരു തലത്തിലേക്ക് ഉയർത്തുമെന്നും മന്ത്രി പറഞ്ഞു. കുടുംബശ്രീ സംഘടിപ്പിച്ച അന്താരാഷ്ട്ര ശുചിത്വ ഉച്ചകോടിയിൽ മികച്ച ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിച്ച വിദ്യാർത്ഥികൾക്ക് ഉദ്യം ലേണിങ്ങ് ഫൗണ്ടേഷന്റെ സഹകരണത്തോടെ നൽകുന്ന ഗ്രീൻ ഫെല്ലോഷിപ്പിന്റെ വിതരണോദ്ഘാടനവും മന്ത്രി നിർവഹിച്ചു.

കേരളത്തിന്റെ സാമൂഹ്യമാറ്റത്തിൽ കുടുംബശ്രീ വഹിച്ച പങ്ക് നിർണായകമാണെന്നും കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെ കേരളത്തിലെ സ്ത്രീകൾ സാമൂഹ്യമായും സാമ്പത്തികമായും ശാക്തീകരിക്കപ്പെട്ടതിനൊപ്പം ആത്മവിശ്വാസവും നേതൃശേഷിയും നേടിയെന്നും ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി.ആർ അനിൽ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു.

സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ആയിരം സ്കൂളുകളിൽ വിദ്യാർത്ഥികൾക്കാവശ്യമായ ബുക്ക്, സ്റ്റേഷനറി ഐറ്റങ്ങൾ, സാനിട്ടറി പാഡ്, ലഘുഭക്ഷണം എന്നിവ ലഭ്യമാക്കുന്നതിന് മാ കെയർ മാതൃകയിൽ കുടുംബശ്രീയുടെ കിയോസ്കുകൾ ആരംഭിക്കുമെന്ന് മുഖ്യാതിഥിയായ പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി പറഞ്ഞു

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എച്ച് ദിനേശൻ സ്വാഗതവും കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷൻ കോർഡിനേറ്റർ രമേഷ് ജി നന്ദിയും പറഞ്ഞു. ജനപ്രതിനിധികൾ, സി.ഡി.എസ് അധ്യക്ഷമാർ, കുടുംബശ്രീ സംസ്ഥാന മിഷൻ പ്രോഗ്രാം ഓഫീസർമാർ തുടങ്ങിയവർ പങ്കെടുത്തു. വയനാട് ജില്ലയിൽ നിന്നുള്ള കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പ് സംരംഭമായ ടീംഗ്രാമം കലാസംഘം അവതരിപ്പിക്കുന്ന 'വീര നടനം' നൃത്തപരിപാടിയും അരങ്ങേറി.

**കേരളത്തിന്റെ സാമൂഹ്യമാറ്റത്തിൽ കുടുംബശ്രീ വഹിച്ച പങ്ക് നിർണായകമാണെന്നും കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെ കേരളത്തിലെ സ്ത്രീകൾ സാമൂഹ്യമായും സാമ്പത്തികമായും ശാക്തീകരിക്കപ്പെട്ടതിനൊപ്പം ആത്മവിശ്വാസവും നേതൃശേഷിയും നേടിയെന്നും ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി.ആർ അനിൽ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു.**

# അവാർഡ് വിവരങ്ങൾ

**1. മികച്ച അയൽക്കൂട്ടം**

1. പൗർണ്ണമി അയൽക്കൂട്ടം ( സുൽത്താൻ ബത്തേരി സി.ഡി.എസ്, വയനാട്)
2. ഭാഗ്യശ്രീ (ശ്രീകൃഷ്ണപുരം സി.ഡി.എസ്, പാലക്കാട്)
3. അശ്വതി അയൽക്കൂട്ടം (തിരുവാണിയൂർ സി.ഡി.എസ്, എറണാകുളം)

**2. മികച്ച എ.ഡി.എസ്**

1. തിച്ചൂർ എ.ഡി.എസ്(വരവൂർ സി.ഡി,എസ്, തൃശൂർ)
2. പുന്നാംപറമ്പ് എ.ഡി.എസ് (ശ്രീകൃഷ്ണ പുരം സി.ഡി.എസ്, പാലക്കാട്)
3. മാട്ടറ എ.ഡി.എസ്(ഉളിക്കൽ, കണ്ണൂർ)

**3. മികച്ച ഓക്സിലറി ഗ്രൂപ്പ്**

1. വയനാട് സുൽത്താൻ ബത്തേരി സി.ഡി. എസിലെ ധ്വനി ഓക്സിലറി ഗ്രൂപ്പ്
2. പുനർജ്ജനി(പോർക്കുളം, തൃശൂർ)
3. കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ സി.ഡി.എസിലെ വിങ്ങ്സ് ഓഫ് ഫയർ, ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് സി.ഡി. എസിലെ വൈഭവം ഓക്സിലറി ഗ്രൂപ്പുകൾക്ക്

**4. മികച്ച ഊരുസമിതി**

1. പാലക്കാട് ജില്ലയിലെ അഗളി പഞ്ചായത്ത് സമിതിയിലെ ദൈവഗുണ്ഡ് ജെല്ലിപ്പാറ ഊരുസമിതി
2. വയനാട് ജില്ലയിലെ തിരുനെല്ലി സി.ഡി. എസിലെ സ്ത്രീശക്തി ഊരുസമിതി

**5. മികച്ച സംരംഭ ഗ്രൂപ്പ്**

1. സഞ്ജീവനി ന്യൂട്രിമിക്സ് യൂണിറ്റ് (താഴെക്കാട് സി.ഡി.എസ്, മലപ്പുറം)
2. ഐശ്വര്യ ശ്രീ അമൃതം ഫുഡ്സ് (തിരുമിറ്റക്കോട്, പാലക്കാട്)
3. നൻമ ഫുഡ് പ്രോസസിങ്ങ് യൂണിറ്റ് (പൊഴുതന, വയനാട്) മൂന്നാം സ്ഥാനവും നേടി.

**5. മികച്ച സംരംഭക**

1. ശരീഫ(മലപ്പുറം നഗരസഭ സി.ഡി. എസ്-2, മലപ്പുറം)
2. ഏലിയാമ്മ ഫിലിപ്പ്(പനത്തടി, കാസർകോട്)
3. സന്ധ്യ ജെ(പുളിമാത്ത്, തിരുവനന്തപുരം)

**7. മികച്ച ഓക്സിലറി സംരംഭം**

1. ടീം ഗ്രാമം (പൂതാടി, വയനാട്)
2. വൺ 18 (വരവൂർ, തൃശൂർ)
3. എ.ജീസ് ആരണ്യകം ഹോംസ്റ്റേ ആൻഡ് കഫേ (അമരമ്പലം, മലപ്പുറം)

**8. മികച്ച സി.ഡി.എസ്(സംയോജന പ്രവർത്തനം, തനതു പ്രവർത്തനം, ഭരണ നിർവഹണം, മൈക്രോ ഫിനാൻസ് പ്രവർത്തനം)**

1. കാസർകോട് ജില്ലയിലെ ചെറുവത്തൂർ സി.ഡി.എസ്
2. തിരുവനന്തപുരം ജില്ലയിലെ ആര്യനാട് സി.ഡി.എസ്
3. തൃശൂർ ജില്ലയിലെ വരവൂർ സി.ഡി.എസ്

**9. മികച്ച സി.ഡി.എസ് (സാമൂഹ്യ വികസനം, ജെൻഡർ)**

1. തൃശൂർ ജില്ലയിലെ വരവൂർ സിഡി.എസ്
2. കിനാലൂർ-കരിന്തളം(കാസർകോട്),
3. കാവിലുംപാറ(കോഴിക്കോട്)

**10. മികച്ച സി.ഡി.എസ്(ട്രൈബൽ പ്രവർത്തനം)**

1. ഇടുക്കി ജില്ലയിലെ മറയൂർ സി.ഡി.എസ്
2. വയനാട് ജില്ലയിലെ തിരുനെല്ലി സി.ഡി.എസ്

**11. മികച്ച സി.ഡി.എസ്(കാർഷിക മേഖല, മൃഗസംരക്ഷണം)**

1. വരവൂർ(തൃശൂർ) സി.ഡി.എസ്
2. കാസർകോട് ജില്ലയിലെ ബേഡഡുക്ക
3. എറണാകുളം ജില്ലയിലെ വാളകം സി.ഡി.എസ്

**12. മികച്ച സി.ഡി.എസ്(കാർഷികേതര ഉപജീവനം)**

1. ഇടുക്കി ജില്ലയിലെ മരിയാപുരം സി.ഡി.എസ്
2. മുട്ടിൽ (വയനാട്)
3. ശാസ്താംകോട്ട (കൊല്ലം)

**13. മികച്ച ബഡ്സ് സ്ഥാപനം**

1. പഴശ്ശിരാജ(മട്ടന്നൂർ സി.ഡി.എസ്, കണ്ണൂർ)
2. ബഡ്സ് പാരഡൈസ് സ്പെഷൽ സ്കൂൾ (തിരുനെല്ലി, വയനാട്)
3. സ്പെക്ട്രം സ്പെഷൽ സ്കൂൾ(മാറഞ്ചേരി, മലപ്പുറം)

**14. മികച്ച ജി.ആർ.സി**

1. വാഴയൂർ (മലപ്പുറം) ജി.ആർ.സി
2. നന്ദിയോട് (തിരുവനന്തപുരം)
3. പള്ളിപ്പുറം (എറണാകുളം)

**15. മികച്ച സ്നേഹിത**

1. മലപ്പുറം
2. തൃശൂർ
3. തിരുവനന്തപുരം

**16. മികച്ച ജില്ലാ മിഷൻ**

1. കൊല്ലം
2. തൃശൂർ
3. എറണാകുളം, വയനാട്

**17. മികച്ച പബ്ളിക് റിലേഷൻസ് പ്രവർത്തനങ്ങൾ നടത്തിയ ജില്ല**

1. കൊല്ലം
2. തൃശൂർ
3. എറണാകുളം

തയ്യാറാക്കിയത്
**ആശ.എസ്.പണിക്കർ**



# പറന്നുയർന്ന് ശലഭം

## ചിങ്ങോലി ആലപ്പുഴ ജില്ലയിലെ അതിമനോഹരമായ ഒരു ഗ്രാമപഞ്ചായത്ത്. ആ ഗ്രാമപഞ്ചായത്തിന്റെ മനോഹാരിതക്ക് മാറ്റുകൂട്ടി ഒരു വനിതാ ഗ്രൂപ്പ്. 'ശലഭം '

അവർ കുരുത്തോലയിൽ നിർമ്മിച്ച അലങ്കാര പ്പണികൾ ചിങ്ങോലിയുടെ പ്രശസ്തി നാടെങ്ങും പരത്തുന്നു. അമ്പലങ്ങളിൽ, ഉദ്ഘാടനങ്ങളിൽ, വിവാഹച്ചടങ്ങുകളിൽ, സർക്കാർ പരിപാടികളിൽ ഒക്കെ ഒരു കൂട്ടം വനിതകൾ പടുത്തുയർത്തിയ അലങ്കാരശില്പങ്ങൾ അഭിമാനത്തോടെ തലയുയർത്തി നിൽക്കുന്നു.

ചിങ്ങോലി ഗ്രാമപഞ്ചായത്ത് ഹരിതകർമ്മസേന യിലെ എട്ട് വനിതകൾ 2021 ഇൽ രജിസ്റ്റർ ചെയ്ത് ആരംഭിച്ച, ശലഭം എന്ന് അവർ പേരിട്ട ആ സ്വയംതൊഴിൽ സംരംഭം ഇന്ന് പാറിപ്പറന്നു നടക്കുകയാണ്. ചിങ്ങോലിയിലെ രമ്യ, ബിന്ദു, വസന്ത,മേരിക്കുട്ടി, തങ്കമണി, സരള , സജിത, രാജേശ്വരി എന്നിവരാണവർ. ഒരു ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പാണു അവർ ആരംഭിച്ചത്. തങ്ങളുടെ തന്നെ സഹപ്രവർത്തകരുടെ വീട്ടിലെ വിവാഹ ചടങ്ങുകൾ , പുരവാസ്തുബലി എന്നിവയുടെയൊക്കെ അലങ്കാരപ്പണികൾ ഏറ്റെടുത്തുകൊണ്ടായിരുന്നു തുടക്കം. ഹരിതകർമ്മസേനാംഗങ്ങൾ ആയത് കൊണ്ട് തന്നെ പ്ലാസ്റ്റിക് അലങ്കാരവസ്തുക്കൾ ഉപയോഗിക്കില്ല എന്നവർ പ്രതിജ്ഞയെടുത്തിരുന്നു. അതിനു പകരം നാട്ടിൽ സുലഭമായി കിട്ടുന്ന തെങ്ങിൻ കുരുത്തോലകൾ അവർ അലങ്കാരത്തിനുപയോഗിച്ചു. ഇത് ജനങ്ങൾക്കിടയിൽ ശ്രദ്ധേയമായി .സാധാരണ


















അലങ്കാരത്തിനു പുറമേ , കൗതുക വസ്തുക്കൾ കൂടി നിർമ്മിച്ച് ചടങ്ങുകളിൽ ഉപയോഗിക്കുക എന്ന ആശയം അവരിലേക്ക് കടന്നു വന്നു. പ്രാഥമിക പരിശീലനം ഐ.ആർ.ടി സി നൽകി. പിന്നീട് യുട്യൂബിൽ കണ്ട വീഡിയോകളിൽ നിന്ന് കുരുത്തോലയുടെ കൗതുകവസ്തു നിർമ്മാണത്തിന്റെ അനന്ത സാധ്യതകളിലേക്ക് അവർ കടന്നു.

2023 ഇൽ ശലഭം യൂണിറ്റ് കുടുംബശ്രീയിൽ നിന്ന് ധനസഹായം നേടി പ്രവർത്തനം വിപുലീകരിച്ചു. ഗ്രാമപഞ്ചായത്തും പദ്ധതി തുക നൽകി അവർക്ക് കരുത്തേകി .ഗ്രൂപ്പിനു നിർദ്ദേശങ്ങളുമായി വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ ദേവിയും കൂടെയുണ്ടായിരുന്നു. വിപുലീകരിച്ച യൂണിറ്റിൽ നിന്ന് കൂടുതൽ മനോഹരങ്ങളായ സൃഷ്ടികൾ പിറന്നു. ഉൽസവ വേളകളിൽ അമ്പലങ്ങളിൽ കുരുത്തോല അലങ്കാരത്തിനു പുറമേ കുരുത്തോല ശില്പങ്ങളും പിറന്നു. അതിശയിപ്പിക്കുന്നതായിരുന്നു അവയുടെ രൂപഭംഗി. അമ്പലങ്ങളിൽ നിന്ന് അമ്പലങ്ങളിലേക്ക് അവരുടെ സൃഷ്ടികൾ വ്യാപിച്ചു.ചിങ്ങോലി പഞ്ചായത്തിന്റെ അതിർത്തികൾ താണ്ടി വിദൂര ദേശങ്ങളിൽ നിന്നുപോലും അവർക്ക് ഓർഡറുകൾ ലഭിച്ചു. സർക്കാരിന്റെ നവകേരള സദസ്സ്, സ്കൂളുകളിലെ പ്രവേശനോൽസവം എന്നിവയിലെല്ലാം ചിങ്ങോലി ശലഭം ഗ്രൂപ്പ് നിറഞ്ഞു നിന്നു. തങ്ങൾക്ക് ഒരു ഉപജീവനമാർഗ്ഗം തുറന്നു കിട്ടി എന്നതിലല്ല , ഇത്രയും ഇടങ്ങളിൽ ഉപയോഗിച്ചേക്കാവുന്ന പ്ലാസ്റ്റിക് മാലിന്യം ഒഴിഞ്ഞു കിട്ടി എന്നതാണു തങ്ങൾക്ക് കൂടുതൽ സംതൃപ്തി നൽകുന്നത് എന്ന് ഗ്രൂപ്പ് കൺവീനർ ശ്രീമതി രമ്യ പറഞ്ഞു. മറ്റു തദ്ദേശ സ്ഥാപനങ്ങളും ഹരിതകർമ്മ സേനകളും തങ്ങളുടെ മാർഗ്ഗം പിന്തുടർന്നാൽ പ്ലാസ്റ്റിക് വിമുക്ത പഞ്ചായത്തുകളിലേക്ക് നമുക്ക് അതിവേഗം എത്തിച്ചേരാനാകുമെന്നും അവർ പ്രത്യാശിച്ചു.

**രമ്യ,** ശലഭം വനിതാ യൂണിറ്റ്











**ആരതി കെ.എസ്.**
കൊല്ലം

# വായനയുടെ വസന്തത്തിലേക്ക്



മലയാള ഹാസ്യ സാഹിത്യ രംഗത്ത് സമാന തകളേറെയില്ലാത്ത ഇടപെടലുകൾ തീർത്ത ഇ.വി.കൃഷ്ണപിള്ളയുടെ സ്മരണാർത്ഥം അദ്ദേഹത്തിന്റെ ജന്മനാട്ടിൽ ഗ്രന്ഥശാല ഒരുക്കി ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്.

ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് സമുച്ചയത്തിലാണ് കുന്നത്തൂർ ഇഞ്ചക്കാട്ട് വീട്ടിൽ ജനിച്ച ഇ.വി. കൃഷ്ണപിള്ളയുടെ നാമധേയത്തിൽ ഗ്രന്ഥശാല ഒരുക്കിയിരിക്കുന്നത്. ഗ്രന്ഥശാല സംസ്ഥാന കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് ഓഫീസിനോട് ചേർന്നു ആരംഭിച്ചിരിക്കുന്ന ഗ്രന്ഥശാല ഓഫീസ് ജീവനക്കാർക്ക് പുറമെ LBS സെന്ററിലെയും ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലുകളിലെയും വിദ്യാർഥികൾക്ക് റഫറൻസ് ആവശ്യങ്ങൾക്കും, ഓഫീസ് ആവശ്യങ്ങൾക്ക് എത്തുന്ന പൊതുജനങ്ങൾക്ക് ഒഴിവ് സമയം ഉപ യോഗപ്പെടുത്തുന്നതിനും, പ്രദേശത്തെ വായന പ്രിയരായ വ്യക്തികൾക്ക് പകൽസമയം വായിക്കുവാൻ സൗകര്യമൊരുക്കുന്നതിനും സഹായകമാകുന്നു. സർക്കാർ സർവീസ്ഗ്രന്ഥങ്ങൾ, മത്സരപരീക്ഷാ സഹായികൾ, റഫറൻസ് ഗ്രന്ഥങ്ങൾ, സാഹിത്യ രചന കൾ, വിവിധ പത്രമാസികകൾ എന്നിവ ഉൾപ്പടെ ആയിരത്തിഅറുനൂറിലധികം പുസ്തകങ്ങൾ ലൈബ്രറിയിൽ സജീകരിച്ചിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ 2024 ജൂൺ 19 വായനാ ദിനത്തിലാണ് ഗ്രന്ഥശാലയ്ക്കായി പുസ്തക സമാഹരണ യജ്ഞം ആരംഭിച്ചത്. ബ്ലോക്ക് പഞ്ചായത്ത് അംഗം വൈ ഷാജഹാനിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആർ സുന്ദരേശൻ ആദ്യ പുസ്തകം ഏറ്റു വാങ്ങി പുസ്തക സമാഹരണം ആരംഭിച്ചു. ആദ്യ ഘട്ടമായി ബ്ലോക്ക് പഞ്ചായത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ഭരണസമിതി അംഗങ്ങൾ, നിർവഹണ ഉദ്യോഗസ്ഥർ, ജീവനക്കാർ, ഘടക സ്ഥാപന ജീവനക്കാർ, പ്രീമെട്രിക് ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ നിന്നും സംഭാവന യായി പുസ്തകങ്ങൾ സമാഹരിച്ചു. രണ്ടാം ഘട്ടത്തിൽ വായനശാല രൂപീകരണത്തിനായി ഭരണസമിതിയുടെ നിരന്തര ഇടപെടലുകളെ തുടർന്ന് പൊതുപ്ര വർത്തകരായ സുമനസ്സുകൾ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ സംഭാവന നൽകുന്നതിനായി സന്നദ്ധത അറിയിച്ചു. അത്തരം വ്യക്തികളിൽ നിന്നും പുസ്തകങ്ങൾ ബ്ലോക്ക് പഞ്ചായത്ത് സംഘം വീടുകളിൽ എത്തി ഏറ്റുവാങ്ങി. ചിലർ ഓഫീസിലെത്തിയും പുസ്തകങ്ങൾ കൈമാറി. തപാൽ മുഖേന പുസ്തകങ്ങൾ എത്തിച്ചവരുമുണ്ട്.

മൂന്നാം ഘട്ടമായി ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നേകാൽ ലക്ഷം രൂപ യുടെ പുസ്തകങ്ങൾ ലൈബ്രറിയിലേക്ക് വാങ്ങി. ഇതിൽ സർക്കാർ സർവീസ് പുസ്തകങ്ങൾ, പ്രമുഖ സാഹിത്യ കൃതികൾ, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ ഉൾപ്പെടുന്നു. കുന്നത്തൂർ എം എൽ എ കോവൂർ

കുഞ്ഞുമോൻ അദ്ദേഹത്തിന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും 25000 രൂപയുടെ പുസ്തകങ്ങളും ലൈബ്രറിയിലേക്ക് അനുവദിച്ചു. ബ്ലോക്ക് പഞ്ചായത്തിന്റെ ഈ ഉദ്യമത്തോട് തൽപരരായ വ്യക്തികൾ പുസ്തകങ്ങൾ സംഭാവനയായി ഇപ്പോഴും നൽകി വരുന്നു.

ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിലെ പഴമ നിലനിർത്തുന്ന മന്ദിരത്തിൽ സ്ഥാപിച്ചിരിക്കുന്ന വായനശാലയുടെ പൈതൃക പുറംചുവരുകൾ മനോഹരമായ ചുവർചിത്രങ്ങളാൽ മോടി പിടിപ്പിച്ചിട്ടുണ്ട്. ഉള്ളിൽ ആധുനിക രീതിയിൽ സജ്ജീകരിച്ചിരിക്കുന്ന അലമാരകളിലും റാക്കുകളിലുമായി ഇനം തിരിച്ചു പുസ്തകങ്ങൾ അടുക്കി ലേബൽ ചെയ്തു സൂക്ഷിക്കുന്നു. പത്രമാസികകൾ അടുക്കുന്നതിനായി ഡിസ് പ്ലേ റാക്കും സജീകരിച്ചിട്ടുണ്ട്. പുസ്തകങ്ങൾ വായിക്കുന്നതിനായി മേശ, കസേരകൾ, ഡസ്ക്, ബെഞ്ച് എന്നിവയും ലൈബ്രറിയിൽ സജ്ജമാണ്. പ്രമുഖ എഴുത്തുകാരുടെയും നവോത്ഥാന നായകരുടെയും ചിത്രങ്ങളാൽ അകം ചുവരുകൾ ആകർഷകമാക്കിയിട്ടുണ്ട്. വായനക്കാർക്കും സന്ദർശകർക്കും ഉണർവ് പകർന്നുകൊണ്ട് ചെറിയ ഇൻഡോർ പ്ലാന്റ്സും ലൈബ്രറിയുടെ അകത്തളം മനോഹരമാക്കുന്നു.

2025 ഏപ്രിൽ 22 ചൊവ്വാഴ്ച രാവിലെ 9 മണിക്ക് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്ന ഉദ്ഘാടന യോഗത്തിൽ ഒരു നാടിന്റെ സാംസ്കാരിക വളർച്ചയിലും പുതുതലമുറയെ വളർത്തി എടുക്കുന്നതിലും വായനയും വായനശാലകളും വഹിക്കുന്ന പങ്കിനെ കുറിച്ച് മന്ത്രി പി പ്രസാദ് സംസാരിച്ചു. ലഹരി ഉപയോഗം പോലെയുള്ള വൻ വിപത്തുകളിൽ നിന്നും നമ്മുടെ സമൂഹത്തെ ഉയിർത്തെഴുന്നേൽപ്പിക്കുവാൻ പുസ്തകങ്ങൾക്കും വായനയ്ക്കും കഴിയമെന്നും അതിനു ഉതകുന്ന തരത്തിൽ മികച്ച ഒരു വായനശാല ഒരുക്കി മാതൃകയായി തീർന്ന ബ്ലോക്ക് പഞ്ചായത്തിനെ അഭിനന്ദിക്കുന്നുവെന്നും മന്ത്രി പറഞ്ഞു.



തുടർന്ന് നൂറിനടുത്തു വരുന്ന ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങളെ കോർത്തിണക്കി കുന്നത്തൂരിന്റെ സാംസ്കാരിക പൈതൃകത്തിനു മികച്ച സംഭാവനകൾ നൽകി മുന്നോട്ട് പോകുന്ന കുന്നത്തൂർ താലൂക്ക് ലൈബ്രറി കൗൺസിലിനെ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് ആദരിച്ചു. ഒപ്പം ബ്ലോക്ക് പരിധിയിലെ 7 ഗ്രാമപഞ്ചായത്തുകളിലെയും മികച്ച ഗ്രന്ഥശാലകളെയും ബ്ലോക്ക് പഞ്ചായത്ത് ആദരിച്ചു. ചങ്ങനാശ്ശേരി സ്മാരക ഗ്രന്ഥശാല, ഐവർകാല (കുന്നത്തൂർ ഗ്രാമപഞ്ചായത്ത്), ഇ.എം.എസ്. ഗ്രന്ഥശാല, പള്ളിശ്ശേരിക്കൽ (ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്), കവിത ഗ്രന്ഥശാല, ഇടവനശ്ശേരി (മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത്), മുടിയിൽത്തറ വി. ഭാസ്കർ മെമ്മോറിയൽ പബ്ളിക് ലൈബ്രറി, ശൂരനാട് (ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്), കൈരളി ഗ്രന്ഥശാല ഇടക്കാട് (പോരുവഴി ഗ്രാമപഞ്ചായത്ത്), ഭാവന ഗ്രന്ഥശാല & വായനശാല, പടി. കിഴക്ക് (ശൂരനാട് വടക്ക് ), ശ്രീ കുമ്പളത്തു ശങ്കുപിള്ള സ്മാരക ഗ്രന്ഥശാല, കാരാളിമുക്ക് (പടിഞ്ഞാറെ കല്ലട) എന്നിവർ ബ്ലോക്ക് പഞ്ചായത്തിന്റെ ആദരവ് ഏറ്റുവാങ്ങി.

കുന്നത്തൂർ എം.എൽ.എ. കോവൂർ കുഞ്ഞുമോൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആർ സുന്ദരേശൻ സ്വാഗതം ആശംസിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ ഡോ. സി. ഉണ്ണികൃഷ്ണൻ, ആർ.ഗീത, വർഗീസ് തരകൻ, ശ്രീ ബിനു മംഗലത്ത്, എസ്. ശ്രീകുമാർ, കെ. വത്സലകുമാരി, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.പുഷ്പകുമാരി, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരായ കെ.സനിൽകുമാർ, എസ്.ഷീജ, വി.രതീഷ്, പോരുവഴി ഗ്രാമപഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ രാജേഷ് വരവിള, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ അഡ്വ അൻസാർ ഷാഫി, വൈ. ഷാജഹാൻ, എൻ. പങ്കജാക്ഷൻ, ലതാ രവി, രാജി.ആർ, ഗീതാകുമാരി.പി, തുണ്ടിൽ നൗഷാദ്, രാജി രാമചന്ദ്രൻ, എസ്.ശശികല, താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി എസ്.ശശികുമാർ, പ്രസിഡന്റ് ആർ.അജയകുമാർ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കെ.ചന്ദ്രബാബു, വിവിധ ഗ്രന്ഥശാല പ്രതിനിധികൾ, പൊതുപ്രവർത്തകർ, ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാർ, ഘടക സ്ഥാപന പ്രതിനിധികൾ, സന്നദ്ധപ്രവർത്തകർ എന്നിവർ പങ്കെടുത്തു.

ഉദ്ഘാടന പരിപാടിയോട് അനുബന്ധിച്ച് കുന്നത്തൂർ താലൂക്ക് ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ ആരംഭിച്ച ലഹരി വിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി സംഘടിപ്പിച്ച ലഹരി വിരുദ്ധ സെമിനാറും മൈനാഗപ്പള്ളി കവിത ഗ്രന്ഥശാല അവതരിപ്പിച്ച ലഘു നാടകവും അരങ്ങേറി.

**ശംഭു എസ്**
സെക്രട്ടറി

# ഒന്നാം സ്ഥാനത്തിന്റെ തിളക്കത്തിൽ പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്.



**കേരളത്തിലെ 151 ബ്ലോക്കുകളെ പിന്തള്ളി 2024–25 പദ്ധതി നിർവഹണത്തിൽ ഒന്നാം സ്ഥാനം നേടി കൊല്ലം ജില്ലയിലെ പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്. 110.60 ശതമാനം പദ്ധതി വിഹിതമാണു പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ചത്.**

കേരളത്തിലെ 151 ബ്ലോക്കുകളെ പിന്തള്ളി 2024–25 പദ്ധതി നിർവഹണത്തിൽ ഒന്നാം സ്ഥാനം നേടി കൊല്ലം ജില്ലയിലെ പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്. 110.60 ശതമാനം പദ്ധതി വിഹിതമാണു പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ചത്. ഭരണസമിതിയുടെയും നിർവഹണ ഉദ്യോഗസ്ഥരുടെയും നിശ്ചയദാർഢ്യമാണു ഈ നേട്ടത്തിനു പിന്നിലെന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ. ആനന്ദവല്ലി പറഞ്ഞു.

സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പദ്ധതി നിർവഹണ കലണ്ടർ തയ്യാറാക്കി. ഏതൊക്കെ പദ്ധതികൾക്കാണ് മുൻഗണന നൽകേണ്ടത് എന്ന് കമ്മിറ്റി കൂടി തീരുമാനിച്ചു. ഗഡുക്കളായാണു പദ്ധതി വിഹിതം ലഭിക്കുന്നത് എന്നതിനാൽ ഓരോ ഗഡുക്കളിൽ നിന്നും ഏതൊക്കെ പദ്ധതികൾക്ക് ഫണ്ട് നൽകണം എന്ന് കൃത്യമായ പ്ലാൻ തയ്യാറാക്കിയിരുന്നു. നിർവഹണ ഉദ്യോഗസ്ഥർക്കും അതിനനുസരിച്ച് ഭരണസമിതി നിർദ്ദേശം നൽകിയിരുന്നുവെന്ന് സെക്രട്ടറി ശംഭു. എസ് പറഞ്ഞു.

ജനറൽ പ്ലാൻ ഫണ്ട് ,SC പ്ലാൻ ഫണ്ട് , ST പ്ലാൻ ഫണ്ട്, റോഡിതര മെയിന്റനൻസ് ഫണ്ട്,ധനകാര്യ കമ്മീഷൻ ടൈഡ്, അൺ ടൈഡ് ഫണ്ട്, ഹെൽത്ത് ഗ്രാന്റ് എന്നിവ 100% ചെലവഴിച്ചു. ക്ഷീരമേഖലയിൽ വൻ നേട്ടമാണു ബ്ലോക്ക് പഞ്ചായത്ത് കൈവരിച്ചത്. സമ്പൂർണ്ണ ക്ഷീര വികസന ബ്ലോക്ക് എന്ന ലക്ഷ്യത്തോടെ ക്ഷീര സുരക്ഷയ്ക്കായി പാൽ, തീറ്റപ്പുൽ, വൈക്കോൽ സബ്സിഡി ധനസഹായങ്ങൾക്ക് പുറമേ വാർഷിക പദ്ധതി-തൊഴിലുറപ്പ് സംയോജനത്തിലൂടെ കർഷകർക്ക് പശു, ശാസ്ത്രീയ രീതിയിലുള്ള തൊഴുത്ത് എന്നിവ നിർമ്മിച്ച്





നൽകുന്നതിനും ക്ഷീര കർഷകർക്ക് തുടർ സഹായമായി മരുന്ന് മിതമായ വിലയ്ക്ക് ലഭിക്കുന്നതിന് സഞ്ചരിക്കുന്ന മൃഗാശുപത്രി പദ്ധതിയും, കൃഷി വകുപ്പുമായി സംയോജിപ്പിച്ച് വളം ഉണക്കി പൊടിക്കുന്ന യൂണിറ്റും, സംരംഭ യൂണിറ്റുകൾക്കും, പൊതു മാർക്കറ്റിനുമുള്ള ധന സഹായം ഉൾപ്പെടെ ഉൽപ്പാദന മേഖലയിൽ വ്യത്യസ്തങ്ങളായ പദ്ധതികൾ വാർഷിക പദ്ധതിയിൽ ഏറ്റെടുത്തു. സംസ്ഥാനത്തെ മികച്ച ക്ഷീര വികസന ഓഫീസറായി പത്തനാപുരം ഡയറി ഓഫീസറെ കഴിഞ്ഞവർഷം സംസ്ഥാനസർക്കാർ തെരഞ്ഞെടുത്തു

പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് ആധുനിക അടുക്കള എന്ന പദ്ധതി കഴിഞ്ഞ മൂന്നു വർഷക്കാലമായി നടപ്പിലാക്കി വരുന്നു. പട്ടികജാതി പട്ടികവർഗ്ഗ മേഖലയിൽ കുട്ടികൾക്ക് പഠന മുറിക്ക് പുറമേ മികവ് എന്ന പേരിൽ ട്യൂഷൻ പദ്ധതി കഴിഞ്ഞ അഞ്ചുവർഷമായി ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കി വരുന്നു.

വയോജന സൗഹൃദ സംസ്ഥാനമായ കേരളത്തിന്റെ ചുവട് പിടിച്ച് പകൽവീട് പദ്ധതി ബ്ളോക്കിൽ നടപ്പിലാക്കുന്നു. വയോജനങ്ങളുടെ മാനസികോല്ലാസത്തിനുള്ള ടൂർ പ്രോഗ്രാം വാർഷിക പദ്ധതിയിൽ ഏറ്റെടുത്തിട്ടുണ്ട്. ഭിന്നശേഷി കുട്ടികളുടെ സ്കോളർഷിപ്പ്,ബത്തകൾ,ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾ എന്നിവ കൂടാതെ അവരുടെ മാനസികോല്ലാസത്തിന് ടൂർ പ്രോഗ്രാമും, ഭിന്നശേഷി കലാമേളയും നടത്തിവരുന്നു. ബ്ലോക്കിന്റെ സെക്കൻഡറി പാലിയേറ്റീവ് പദ്ധതി കൂടാതെ ഗ്രാമപഞ്ചായത്ത് പ്രൈമറി പാലിയേറ്റീവ് വിഹിതം നൽകുന്ന ജില്ലയിലെ ഒരേയൊരു ബ്ലോക്കാണ് പത്തനാപുരം ബ്ലോക്ക് .

വനാതിർത്തിയുള്ള ബ്ലോക്കിൽ വന്യമൃഗം ശല്യം തടയുന്നതിനുള്ള ഫെൻസിങ് ഗ്രാമപഞ്ചായത്തുകളുമായി സംയുക്തമായി നടപ്പിലാക്കി വരുന്നു. പാവപ്പെട്ടവർക്ക് വീട് എന്ന ആശയം മുൻനിർത്തി സംസ്ഥാന സർക്കാർ കൊണ്ടുവന്ന ലൈഫ് പദ്ധതിയിൽ ഗ്രാമ പഞ്ചായത്തുകളുമായി സംയോജിപ്പിച്ച് കഴിഞ്ഞ അഞ്ചു വർഷക്കാലം 4 കോടിയിലേറെ രൂപ ചിലവഴിച്ചു. പത്തനാപുരം താലൂക്ക് ആശുപത്രിയിലെ സേവനം മെച്ചപ്പെടുത്തുന്നതിന് അധിക ഡോക്ടർ, പാരാ മെഡിക്കൽ സ്റ്റാഫുകളുടെ നിയമനം ബ്ലോക്ക് പഞ്ചായത്ത് ജനകീയാസൂത്രണത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കി. പൊതു വിദ്യാഭ്യാസ യജ്ഞം പദ്ധതിയുടെ ഭാഗമായി സ്കൂളുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും സ്മാർട്ട് വിദ്യാലയങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്തിന് പരിധിയിലെ സ്കൂളുകൾക്കും, ലൈബ്രറികൾക്കും ഡിജിറ്റൽ ഉപകരണങ്ങൾ നൽകി. ജില്ലാ പഞ്ചായത്തിന്റെ ജീവനം കിഡ്നി വെൽഫെയർ ഫൗണ്ടേഷന് ധനസഹായം നൽകുന്നതിനു പുറമേ കിഡ്നി രോഗികളുടെ അധിക






യാത്രാ ചെലവിനുള്ള പരിഹാര വകതിരുത്തൽ എന്ന രീതിയിൽ വാർഷിക പദ്ധതി ഏറ്റെടുത്തു. നടപ്പ് സാമ്പത്തിക വർഷം ആറ് നൂതന പദ്ധതി ഏറ്റെടുത്തുകൊണ്ട് ജില്ലയിൽ കൂടുതൽ നൂതന പദ്ധതികൾ ഏറ്റെടുത്ത ബ്ലോക്ക് പഞ്ചായത്ത് ആയി മാറി.

തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് തൊഴിൽ ലഭ്യമാകുന്നതിന് കേരള നോളജ് എക്കണോമി മിഷനുമായി ചേർന്ന് എംപ്ലോയബിലിറ്റി സെൻറർ സ്ഥാപിക്കുന്ന പദ്ധതി ഏറ്റെടുത്തിട്ടുണ്ട്.വേറിട്ട പദ്ധതികൾ ഏറ്റെടുത്തുകൊണ്ട് പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് മികച്ച രീതിയിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

## സമ്പൂർണ്ണ ക്ഷീരവികസന ബ്ലോക്ക് എന്ന ലക്ഷ്യത്തിലേക്ക്

2024-25 പദ്ധതി നിർവഹണത്തിൽ പത്തനാപുരം ബ്ലോക്ക് മുഖ്യലക്ഷ്യം വച്ചത് ക്ഷീരമേഖലയാണ്. ക്ഷീരകർഷകരുടെ വരുമാന മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെ ജനകീയാസൂത്രണത്തിന്റെ അടിസ്ഥാനലക്ഷ്യങ്ങളിൽ ഒന്നായ പ്രാദേശിക സാമ്പത്തിക വികസനം കൈവരിക്കാൻ ബ്ലോക്ക് പഞ്ചായത്തിനായി. താഴെ പരാമർശിക്കുന്ന മാതൃകാ പ്രോജക്ടുകളാണു ക്ഷീരമേഖലയിൽ പത്തനാപുരം ബ്ലോക്ക് ഏറ്റെടുത്ത് പൂർത്തീകരിച്ചത്.

### 1 ഒരു കയ്യിൽ പാലും മറുകയ്യിൽ മുട്ടയും പച്ചക്കറിയും.

വനിതാ ശാക്തീകരണവും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനവും ലക്ഷ്യമാക്കി ജനറൽ , എസ് സി വനിതാ ഗുണഭോക്താക്കൾക്ക് ഒരു പശുവും പച്ചക്കറി തൈകളും കിഴങ്ങുവർഗങ്ങളുടെ കിറ്റും പത്ത് മുട്ടക്കോഴികളും നൽകുന്ന നൂതന പ്രോജക്ട് .

> തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് തൊഴിൽ ലഭ്യമാകുന്നതിന് കേരള നോളജ് എക്കണോമി മിഷനുമായി ചേർന്ന് എംപ്ലോയ്ബിലിറ്റി സെൻറർ സ്ഥാപിക്കുന്ന പദ്ധതി ഏറ്റെടുത്തിട്ടുണ്ട്.വേറിട്ട പദ്ധതികൾ ഏറ്റെടുത്തുകൊണ്ട് പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് മികച്ച രീതിയിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

### 2. ശുചിത്വഭവനം സുന്ദരഭവനം

ക്ഷീരകർഷകരുടെ കാലിത്തൊഴുത്തിനോടനുബന്ധിച്ച് കമ്പോസ്റ്റ് പിറ്റ് നിർമ്മിക്കാനും ബയോഗ്യാസ്

പ്ലാന്റ് നിർമ്മിക്കാനും സഹായം നൽകി. ബയോഗ്യാസിന്റെ സ്ലറി ഉപയോഗിച്ച് പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 25 ഗ്രോബാഗ് പച്ചക്കറിത്തൈകൾ നൽകി.

## 3. ഗൃഹ സമൃദ്ധി - വീട്ടമ്മക്കൊരു കൈത്താങ്ങ്

സ്വന്തം അധ്വാനം കൊണ്ട് കുടുംബം പുലർത്തുന്നതിനായി വരുമാനം കണ്ടെത്തുന്നതിന് വനിതകളെ പ്രാപ്തരാക്കാൻ ലക്ഷ്യമിട്ടുകൊണ്ട് വനിതാ വ്യക്തിഗത ഗുണഭോക്താക്കൾക്ക് ഒരു കറവപശുവും എട്ട് മാസം പ്രായമായ ഒരു പെണ്ണാടും പത്ത് മുട്ടക്കോഴികളും നൽകുന്ന നൂതന പദ്ധതി നടപ്പിലാക്കി.

## 4, തൃണകം

വർഷത്തിൽ എട്ടുമാസവും ചൂടും വരൾച്ചയും അനുഭവപ്പെടുന്ന പത്തനാപുരം ബ്ലോക്ക് പ്രദേശത്ത് കന്നുകാലി വളർത്തലിനു ആവശ്യമുള്ള പച്ചപ്പുല്ലിനു ദൗർലഭ്യം നേരിടുന്ന അവസ്ഥയുണ്ട് എന്നത് ബ്ലോക്ക് ഭരണസമിതിയുടെ ശ്രദ്ധയിൽ പെട്ടു. റബ്ബർ കൃഷിയുടെ ആധിക്യം മൂലം തീറ്റപ്പുൽ കൃഷിക്ക് ആവശ്യത്തിനു സ്ഥലം ലഭിക്കാത്ത അവസ്ഥയുമുണ്ട് .ഇതുമൂലം വേനൽക്കാലത്ത് പാലുല്പാദനം കുറയുകയും പശു വളർത്തൽ നഷ്ടത്തിലാകുകയും ചെയ്യുന്നു. ഈ സാഹചര്യം നേരിടാൻ ക്ഷീരസംഘം വഴി കർഷകർക്ക് പച്ചപ്പുല്ല് / വൈക്കോൽ/ സൈലേജ് വാങ്ങി ന ൽകുകയും കർഷകർ വാങ്ങുന്ന വിലയുടെ പകുതി തുക കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിക്കുകയും ചെയ്തു.

## 5, ഭക്ഷ്യ സുരക്ഷ - ശാസ്ത്രീയ കാലിത്തൊഴുത്തിലൂടെ

കാലിത്തൊഴുത്തും പരിസരവും ശുചിത്വപൂർണ്ണ മാക്കാൻ തൊഴുത്ത് നവീകരണം, ചാണകവും മൂത്രവും മൂല്യവർദ്ധിത ഉല്പന്നമാക്കാൻ ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ, ചാണകവും മൂത്രവും തൊഴുത്ത് കഴുകുന്ന വെള്ളവും ഉൾപ്പെടെ സ്ലറി ഒരു ടാങ്കിൽ ശേഖരിച്ച് കൃഷി സ്ഥലത്തേക്ക് മാറ്റാൻ സ്ലറി പമ്പ് സ്ഥാപിക്കൽ, പശുക്കളുടെ കുളമ്പുകൾക്ക് അസുഖം ഉണ്ടാകുന്നത് തടയാൻ റബ്ബർ മാറ്റ് സ്ഥാപിക്കൽ , പശുക്കൾക്ക് എപ്പോഴും ശുദ്ധ ജലം ലഭിക്കാൻ ഓട്ടോ മാറ്റിക് വാട്ടർ ബൗൾ സ്ഥാപിക്കൽ, തൊഴുത്ത് ശരിയായി കഴുകുവാനും പശുവിനെ കുളിപ്പിക്കാനും പ്രഷർ വാഷർ വാങ്ങൽ, കറവ ശാസ്ത്രീയമാക്കാൻ കറവ യന്ത്രം വാങ്ങൽ എന്നിവയാണു ഈ പദ്ധതിയിലൂടെ ക്ഷീരകർഷകർക്കായി നടപ്പിലാക്കിയത്.

സ്വന്തം അധ്വാനം കൊണ്ട് കുടുംബം പുലർത്തുന്നതിനായി വരുമാനം കണ്ടെത്തുന്നതിന് വനിതകളെ പ്രാപ്തരാക്കാൻ ലക്ഷ്യമിട്ടുകൊണ്ട് വനിതാ വ്യക്തിഗത ഗുണഭോക്താക്കൾക്ക് ഒരു കറവപശുവും എട്ട് മാസം പ്രായമായ ഒരു പെണ്ണാടും പത്ത് മുട്ടക്കോഴികളും നൽകുന്ന നൂതന പദ്ധതി നടപ്പിലാക്കി.

## 6, ക്ഷീര സുരക്ഷ തൊഴിലുറപ്പ് പദ്ധതിയിലൂടെ

വിവിധ പദ്ധതികളുടെ വിജയകരമായ സംയോജനമാണു ആസൂത്രണത്തിന്റെ അടിത്തറ. അത് കണ്ടെത്തി വിജയകരമായി നടപ്പിലാക്കുകയാണു ഈ പദ്ധതി നിർവഹണത്തിലൂടെ പത്തനാപുരം ബ്ലോക്ക് ചെയ്തത്.

പശുക്കളെ വളർത്തി ഉപജീവനം നടത്താൻ തയ്യാറുള്ള നിരവധി കർഷകർ ബ്ലോക്ക് പ്രദേശത്ത് ഉണ്ടെങ്കിലും സാമ്പത്തിക പരിമിതി അവരെ അതിൽ നിന്നും പിന്തിരിപ്പിക്കുന്നു. കാലിത്തൊഴുത്തു പണിയുന്നതിനായി ബാങ്കുകൾ ലോൺ നൽകാൻ തയ്യാറുമല്ല. ഈ സാഹചര്യത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ചു കാലിത്തൊഴുത്ത് പണിയാനായി ബാങ്ക് ലോൺ ലഭ്യമാക്കുകയും പണി പൂർത്തിയായി ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ചെലവഴിച്ച തുക തിരികെ ലോൺ അക്കൗണ്ടിൽ കർഷകനു ലഭിക്കുകയും ചെയ്യുന്നു . തൊഴുത്ത് പണി പൂർത്തിയാകുമ്പോൾ പർച്ചെസ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഗുണഭോക്താവ് രണ്ട് പശുക്കളെ ബാങ്ക് ലോൺ മുഖേന വാങ്ങുന്നു. സബ്സിഡി തുക ലോൺ അക്കൗണ്ടിലേക്ക് ബാക്ക് എൻഡഡ് സബ്സിഡി ആയി ബ്ലോക്ക് പഞ്ചായത്ത് നൽകുന്നു.

# പാലിയേറ്റീവ് പരിചരണം



ഇന്ത്യയിൽ സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ ഏറ്റവും മികച്ച രീതിയിൽ നടപ്പിലാക്കുന്ന സംസ്ഥാന മാണ് കേരളം. ഈ സർക്കാരിന്റെ കാലത്ത് കേരളത്തിലെ സാന്ത്വന പരിചരണ പ്രവർത്തനങ്ങളെ ലോകാരോഗ്യ സംഘടന അഭിനന്ദിച്ചിരുന്നു. മാത്രവു മല്ല കേരളത്തിലെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളെ ലോകാരോഗ്യ സംഘടന മാതൃ കയായി അംഗീകരിച്ചിട്ടുമുണ്ട്. ഈ രീതിയിൽ മികച്ച മുന്നേറ്റം നടത്തുന്ന കേരളം പാലിയേറ്റീവ് പരിചരണ രംഗത്ത് മറ്റൊരു സുപ്രധാന ഘട്ടത്തിലേക്ക് കടന്നിരിക്കുകയാണ്. 'കേരള കെയർ' എന്ന പേരിൽ പാലിയേറ്റീവ് കെയർ ഗ്രിഡ് രൂപീകരിച്ചിരിക്കുകയാണ്.

നവകേരളം കർമ്മപദ്ധതി രണ്ട് ആർദ്രം മിഷനിലെ പത്ത് പ്രധാന പ്രവർത്തന മേഖലകളി ലൊന്നാണ് 'പാലിയേറ്റീവ് കെയർ'. ഇതിന്റെ ഭാഗമായി തയ്യാറാക്കിയ 'സമഗ്ര പാലിയേറ്റീവ് കെയർ ആക്ഷൻ

പ്ലാൻ' പ്രകാരമാണ് 'പാലിയേറ്റീവ് കെയർ ഗ്രിഡ്' രൂപീകരിച്ചത്. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെയാണ് പാലിയേറ്റീവ് പരിചരണം നടിപ്പിലാക്കി വരുന്നത്.

## നിലവിൽ നടക്കുന്ന പ്രവർത്തനങ്ങൾ

ദീർഘകാല രോഗങ്ങൾ മൂലം കട്ടിലിൽ നിന്ന് എഴുന്നേൽക്കുവാൻ മറ്റൊരാളുടെ സഹായം ആവശ്യമുള്ള രോഗികളെ വാർഡ് അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യുന്നു. ഇത്തരം രോഗികൾക്ക് ഗൃഹകേന്ദ്രീകൃത പരിചരണം ലഭ്യമാക്കുവാൻ 30000 ജനസംഖ്യക്ക് ഒരു ഹോം കെയർ യൂണിറ്റ് എന്ന കണക്കിൽ പ്രവർത്തിക്കുന്നു. തദ്ദേശസ്ഥാപനങ്ങൾ നിയമിക്കുന്ന പരിശീലനം ലഭിച്ച കമ്മ്യൂണിറ്റി പാലിയേറ്റീവ് നഴ്സിന്റെ നേതൃത്വത്തിൽ വാർഷിക പദ്ധതിയുടെ ഭാഗമായുള്ള തുക ഉപയോഗപ്പെടുത്തിയാണ് യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. ഇത്തരം 1142 പ്രൈമറി പാലിയേറ്റീവ് യൂണിറ്റുകൾ കേരളത്തിൽ സർക്കാർ മേഖലയിൽ ഉണ്ട്. നിലവിൽ 114439 രോഗികൾക്ക് പരിചരണം നൽകുന്നു. മാസത്തിൽ ഒരിക്കൽ വീടുകളിൽ എത്തി ഹോം കെയർ ടീം വീട്ടുകാരെ പരിചരണ രീതി പഠിപ്പിച്ചു കൊടുക്കുകയും ആവശ്യമുള്ള നഴ്സിംഗ് പരിചരണം ഉറപ്പാക്കുകയും പരിചരണ സാമഗ്രികൾ വീടുകളിൽ നൽകുകയും ചെയ്യുന്നു. കൂടാതെ ആശ പ്രവർത്തകർ മാസത്തിലൊരിക്കൽ ഇത്തരം രോഗികളെ സന്ദർശിച്ച് വേണ്ട പിന്തുണ നൽകുന്നു. ഓരോ രോഗിയുടെയും സമീപത്ത് പരിശീലനം ലഭിച്ച ഒരു സന്നദ്ധപ്രവർത്തകന്റെയോ പ്രവർത്തകരുടെയോ സാന്നിധ്യം ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.

കിടപ്പിലല്ലാത്ത ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഉള്ള രോഗികളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ആണ് രജിസ്റ്റർ ചെയ്യുന്നത്. നിലവിൽ ഈ വിഭാഗത്തിൽ 147479 രോഗികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. MLSP നേഴ്സ് ആണ് ഈ രോഗികളെ ആവശ്യാനുസരണം വീടുകളിൽ സന്ദർശിച്ച് പരിചരണം ഏകോപിപ്പിക്കുന്നത്. ഈ വിഭാഗത്തിൽ 60 വയസ്സ് കഴിഞ്ഞിട്ടുള്ള ആളുകളെ വീടുകളിൽ ടീം ആയി സന്ദർശനം നടത്തി പരിചരണം നൽകുവാൻ വേൾഡ് ബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യവകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

മുകളിൽ പറഞ്ഞ രണ്ടു വിഭാഗങ്ങളിൽ ഉള്ള രോഗികൾക്കും ആവശ്യാനുസരണം വിദഗ്ദ്ധ പരിചരണം നൽകുവാൻ CHC-കളിലും മേജർ ആശുപത്രികളിലും ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സെക്കണ്ടറി യൂണിറ്റുകൾ പ്രവർത്തിക്കുന്നു. നിലവിൽ 345 സെക്കണ്ടറി യൂണിറ്റുകളിലായി 30168 രോഗികൾ പരിചരണത്തിന് രജിസ്റ്റർ ചെയ്തിയിട്ടുണ്ട്. പരിശീലനം ലഭിച്ച ഡോക്ടർമാരുടെയും സ്റ്റാഫ് നഴ്സുമാരുടെയും സേവനവും മരുന്നുകളും പരിചരണ സാമഗ്രികളും ഫിസിയോതെറാപ്പി സേവനവും സെക്കന്ററി യൂണിറ്റുകളിൽ ലഭ്യമാണ്. കിടത്തി ചികിത്സയുള്ള ആയുർവേദ, ഹോമിയോ ആശുപത്രികളിലും സെക്കണ്ടറി യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

കേരളത്തിൽ നിരവധി സന്നദ്ധ സംഘടനകൾ പാലിയേറ്റീവ് മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. വീടുകളിൽ മെഡിക്കൽ നഴ്സിംഗ് പരിചരണം നൽകുന്ന സന്നദ്ധസംഘടനകൾക്ക് സംസ്ഥാന തലത്തിൽ രജിസ്ട്രേഷൻ നൽകണം എന്ന് പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാനിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരം 500-ലധികം യൂണിറ്റുകൾ ഉണ്ട്. യൂണിറ്റുകളുമായി ചർച്ചകൾ നടത്തി രജിസ്ട്രേഷനുള്ള മാനദണ്ഡങ്ങൾ തീരുമാനിച്ചിട്ടുണ്ട്. മാനദണ്ഡങ്ങൾക്കനുസരിച്ച് യൂണിറ്റുകൾ വിലയിരുത്തി രജിസ്ട്രേഷൻ നൽകുന്നതിനുള്ള സംവിധാനം സംസ്ഥാന തലത്തിൽ രൂപീകരിക്കണം.

സർക്കാർ മേഖലയിൽ 14 ജില്ലകളിലും ആരോഗ്യ പ്രവർത്തകർക്ക് പാലിയേറ്റീവ് പരിശീലനം നൽകുന്ന പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സന്നദ്ധ മേഖലയിലും ആറ് പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഡോക്ടർമാർക്കുള്ള ആറാഴ്ചത്തെ പരിശീലനം (BCCPM), നഴ്സ്മാർക്കുള്ള 6 ആഴ്ചത്തെ പരിശീലനം (BCCPN), കമ്മ്യൂണിറ്റി നഴ്സുമാർക്കുള്ള നാല് മാസത്തെ പരിശീലനം ( CCCPN), ഡോക്ടർമാർക്കും





## പാലിയേറ്റീവ് കെയർ ഗ്രിഡിന്റെ പ്രത്യേകതകൾ

- പുതിയ രോഗികളെ രജിസ്റ്റർ ചെയ്ത് തുടർപരിചരണം നൽകൽ
- സന്നദ്ധ പ്രവത്തകരുടെ രജിസ്ട്രേഷനും പരിശീലനവും നൽകൽ
- പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തിവരുന്ന സന്നദ്ധ സംഘടനകൾക്ക് രജിസ്ട്രേഷൻ നൽകൽ
- പൊതുജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ തിരഞ്ഞെടുക്കുവാനുള്ള സൗകര്യം, പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് സംസ്ഥാന, ജില്ലാ, പഞ്ചായത്ത്, വാർഡ് തലങ്ങളിൽ ഡാഷ് ബോർഡ്.
- പൊതുജനങ്ങൾക്കുള്ള ഡാഷ് ബോർഡ്

നഴ്സമാർക്കുമുള്ള 10 ദിവസത്തെ പരിശീലനം, ആരോഗ്യപ്രവർത്തകർക്കുള്ള 3 ദിവസത്തെ പരിശീലനം, സന്നദ്ധപ്രവർത്തകർക്കുള്ള 3 ദിവസത്തെ പരിശീലനം എന്നിവ സംഘടിപ്പിച്ചു വരുന്നു. ഈ കോഴ്സുകൾക്കുള്ള ഏകീകൃത സിലബസ് ആരോഗ്യ വകുപ്പ് പുറത്തിറക്കിയിട്ടുണ്ട്. പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ ഗുണനിലവാരം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കായകല്പ മാതൃകയിൽ പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ അരയ്ക്ക് കീഴ്പോട്ട് ചലനശേഷി നഷ്ടപ്പെട്ട രോഗികളെ തൊഴിൽപരമായി പുനരധിവസിപ്പിക്കുന്നതിന് വേണ്ടി കുടുംബശ്രീയുമായി സഹകരിച്ചു പദ്ധതി എറണാകുളം മലപ്പുറം ജില്ലകളിൽ ആരംഭിച്ചു.

വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചു 'സ്കോൾ കേരള'യുടെ ആഭിമുഖ്യത്തിൽ ശാസ്ത്രീയ പരിശീലനം ലഭിച്ച ഹോം നഴ്സുമാരെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 'ഡിപ്ലോമ ഇൻ ഡോമിസിലിയറി നഴ്സിംഗ് കെയർ' എന്ന പേരിൽ ആറു മാസത്തെ കോഴ്സ് ആരംഭിച്ചു. പാലിയേറ്റീവ് കെയർ രംഗത്തെ ഇതു വരെയുള്ള നേട്ടങ്ങൾ ശക്തിപ്പെടുത്തിയും കൂടുതൽ വിപുലപ്പെടുത്തിയും കേരളത്തെ ഒരു സമ്പൂർണ പാലിയേറ്റീവ് സൗഹൃദ സംസ്ഥാനമാക്കി മാറ്റാൻ സർക്കാർ ലക്ഷ്യമിടുന്നുണ്ട്. പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള എല്ലാവർക്കും വരുമാന പരിധിയില്ലാതെ അവരുടെ വീടുകളിൽ മികച്ച പരിചരണം ലഭിക്കുന്ന തരത്തിൽ സാർവത്രിക പാലിയേറ്റീവ് കെയർ സംവിധാനം ഒരുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ സന്നദ്ധ സംഘടനകളെയും സന്നദ്ധ പ്രവർത്തകരെയും സർക്കാർ സംവിധാനങ്ങളെയും ഗ്രാമ പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപറേഷൻ തലത്തിലും മറ്റ് തലത്തിലും ഏകോപിപ്പിച്ച് ആവശ്യമുള്ള എല്ലാവർക്കും മികച്ച പരിചരണം ലഭ്യമാക്കുയാണ് ലക്ഷ്യം. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സംസ്ഥാന സർക്കാർ വിപുലമായ ക്യാമ്പയിൻ ആരംഭിക്കുകയാണ്.

## പാലിയേറ്റീവ് കെയർ ഗ്രിഡ്

'കേരള കെയർ' എന്ന പേരിലാണ് പാലിയേറ്റീവ് കെയർ ഗ്രിഡ് രൂപീകരിച്ചിരിക്കുന്നത്. സർക്കാർ, സന്നദ്ധ മേഖലകളിൽ പ്രവർത്തിക്കുന്ന മുഴുവൻ പാലിയേറ്റീവ് കെയർ യൂണിറ്റുകളേയും ഉൾക്കൊള്ളിച്ചു കൊണ്ടാണ് പാലിയേറ്റീവ് കെയർ ഗ്രിഡ് രൂപീകരിച്ചിരിക്കുന്നത്. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ അഭിമുഖ്യത്തിലാണ് ഗ്രിഡ് രൂപീകരിച്ചിട്ടുള്ളത്. ടെസ്റ്റ് റൺ, സെക്യൂരിറ്റി ഓഡിറ്റ് എന്നിവ പൂർത്തിയാക്കിയാണ് ഗ്രിഡ് സജ്ജമാക്കിയത്.

**ഡോ. മാത്യൂസ് നമ്പേലി**
കൺവീനർ പാലിയേറ്റീവ് കെയർ വർക്കിങ് ഗ്രൂപ്പ്



# സാന്ത്വന പരിചരണം കേരളത്തിൽ

## ചരിത്രം

2008-ൽ ഇന്ത്യയിൽ ആദ്യമായി കേരളം പാലിയേറ്റീവ് കെയർ നയം പ്രഖ്യാപിച്ചു. നയത്തിന് അനുസൃതമായി ആരോഗ്യ സ്ഥാപനങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പ്രോഗ്രാമുകൾ നടപ്പിലാക്കി. പത്തു വർഷത്തെ പ്രവർത്തനങ്ങളിൽ നിന്ന് ലഭിച്ച അനുഭവത്തിന്റെ അടിസ്ഥാനത്തിൽ 2019-ൽ പരിഷ്കരിച്ച പാലിയേറ്റീവ് കെയർ നയം പ്രസിദ്ധീകരിച്ചു. 2022-ൽ പാലിയേറ്റീവ് കെയർ ഹൈപവർ കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പും രൂപീകരിച്ചു. വിവിധ തലങ്ങളിലുള്ള ചർച്ചകൾക്ക് ശേഷം പുതുക്കിയ പാലിയേറ്റീവ് കെയർ നയം നടപ്പിലാക്കുന്നതിനുള്ള കർമ്മപദ്ധതി രൂപീകരിക്കുകയും 2023 ജൂലൈയിൽ സർക്കാർ കർമ്മപദ്ധതിക്ക് അംഗീകാരം നൽകുകയും ചെയ്തു.

വാർഷിക ആരോഗ്യ പരിശോധനയുടെ ഭാഗമായി നടത്തിയ ശൈലി സർവ്വേ പ്രകാരം കേരളത്തിലെ ജനസംഖ്യയുടെ 0.6% വിവിധ രോഗാവസ്ഥകൾ കാരണം കിടപ്പിലായതായി കണക്കാക്കപ്പെടുന്നു. കൂടാതെ, ജനസംഖ്യയുടെ മറ്റൊരു രണ്ട് ശതമാനം ആളുകൾ കിടപ്പിലായിട്ടില്ലെങ്കിലും ദീർഘകാല രോഗങ്ങൾ കാരണം ഗുരുതരരോഗ പീഡകൾ അനുഭവിക്കുന്നുണ്ട്. (Serious Health Sufferings-SHS).

സർക്കാർ മേഖലയിൽ എല്ലാ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഉൾപ്പെട്ട 1141 പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകൾ കേരളത്തിലുണ്ട്. ആരോഗ്യ വകുപ്പിന് കീഴിൽ പ്രധാന ആശുപത്രികളിൽ 113 സെക്കൻഡറി ലെവൽ യൂണിറ്റുകളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ 231 യൂണിറ്റുകളും ഉണ്ട്. എട്ട് മെഡിക്കൽ കോളേജുകളിലും ആർ.സി.സി.യിലും എം.സി.സി.യിലും പാലിയേറ്റീവ് കെയർ യൂണിറ്റുകളുണ്ട്. ഇത് കൂടാതെ ഭാരതീയ ചികിത്സാ വകുപ്പിന് (ISM) കീഴിൽ 44 സെക്കൻഡറി ലെവൽ യൂണിറ്റുകളും ഹോമിയോ വകുപ്പിന് കീഴിൽ 18 സെക്കൻഡറി യൂണിറ്റുകളും ഉണ്ട്. എൻ.ജി.ഒ/സി.ബി.ഒ മേഖലയിൽ 500-ലധികം യൂണിറ്റുകൾ വീടുകളിൽ എത്തി മെഡിക്കൽ കെയറും, നഴ്സിംഗ് പരിചരണവും നൽകുന്നുണ്ട്. കേരളത്തിലുടനീളം പാലിയേറ്റീവ് കെയർ രോഗികൾക്ക് മാനസികവും സാമ്പത്തികവുമായ പിന്തുണ നൽകുന്ന നിരവധി ചാരിറ്റബിൾ, സോഷ്യൽ സംഘടനകളുണ്ട്.



പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ വിവിധ തലങ്ങളിൽ ലഭ്യമായ സാന്ത്വന പരിചരണ സേവനങ്ങളുടെ ഏകോപനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

കിടപ്പിലായ ഓരോ രോഗിയെയും അവരുടെ അയൽപക്കത്തുള്ള പാലിയേറ്റീവ് കെയർ പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകരുമായി ബന്ധിപ്പിക്കും.

ഓരോ വാർഡിലും ആവശ്യമുള്ള രോഗികളെ സഹായിക്കുന്നതിനായി ആശാ പ്രവർത്തകരുടെ നേതൃത്വത്തിൽ ഒരു Neighbourhood Network for Palliative Care (NNPC) ടീം രൂപീകരിക്കും..

ഓരോ ജനകീയ ആരോഗ്യ കേന്ദ്രവും (JAK) കിടപ്പിലല്ലാത്ത എന്നാൽ ഗുരുതര രോഗപീഡകൾ അനുഭവിക്കുന്ന ദീർഘകാല രോഗങ്ങളുള്ള രോഗികളെ രജിസ്റ്റർ ചെയ്യുന്നതിനും അവർക്കു ആവശ്യമായ തുടർപരിചരണം ഉറപ്പാക്കുകയും ചെയ്യും. ഇതിനു വേണ്ടി ജനകീയ ആരോഗ്യ കേന്ദ്രത്തിൽ നിയമിതരായിട്ടുള്ള - MLSP നഴ്സ്മാർക്ക് പരിശീലനം നൽകി വരുന്നു.

എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കിടപ്പിലായ രോഗികൾക്ക് ഹോം കെയർ നൽകാൻ പാലിയേറ്റീവ് ഹോം കെയർ ടീം പ്രവർത്തിക്കുന്നുണ്ട്. കമ്മ്യൂണിറ്റി നഴ്സ്മാർ ആണ് ഹോം കെയർ ടീമിന് നേതൃത്വം നൽകുന്നത്. കർമ്മപദ്ധതിയുടെ ഭാഗമായി കിടപ്പിലായ എല്ലാ രോഗികളുടെയും വീട്ടിൽ ഹോം കെയർ ടീം മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും സന്ദർശിച്ചു ആവശ്യമായ പിന്തുണ നൽകുന്നുണ്ടെന്ന് ഉറപ്പു വരുത്തും.

ആരോഗ്യ വകുപ്പ്, ഭാരതീയ ചികിത്സാ വകുപ്പ്, ഹോമിയോ വകുപ്പ് ഡയറക്ടർമാർ എല്ലാ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും പ്രധാന ആശുപത്രികളിലും സെക്കണ്ടറി സ്പെഷ്യലൈസ്ഡ് പാലിയേറ്റീവ് കെയർ പ്രോഗ്രാമുകളും പരിശീലനം ലഭിച്ച നഴ്സും, മെഡിക്കൽ ഓഫീസറും ഉണ്ടെന്നും ഉറപ്പു വരുത്തും. ആഴ്ചയിൽ ഒരു ദിവസം ഡോക്ടർമാരും രോഗികളെ വീടുകളിൽ സന്ദർശിക്കും.

മെഡിക്കൽ കോളേജുകളിലും കാൻസർ സെന്ററുകളിലും ഉള്ള പ്രത്യേക പാലിയേറ്റീവ് കെയർ യൂണിറ്റുകൾ ശാക്തീകരിക്കും. പ്രൈവറ്റ് ഉൾപ്പെടെയുള്ള എല്ലാ മെഡിക്കൽ കോളേജുകളിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ ആരംഭിച് മെഡിക്കൽ വിദ്യാർത്ഥികൾക്ക് പഠനസമയത് തന്നെ പാലിയേറ്റീവ് പരിശീലനം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തും.

എല്ലാ മെഡിക്കൽ, നഴ്സിംഗ് സ്കൂളുകളിലും/



കോളേജുകളിലും പാലിയേറ്റീവ് കെയർ പാഠ്യപദ്ധതിയുടെ ഭാഗമാക്കും.

സർക്കാർ സംവിധാനങ്ങൾ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളിൽ സന്നദ്ധപ്രവർത്തകർ/ CBO/ NGO എന്നിവരുടെ പങ്കാളിത്തം ഉറപ്പു വരുത്തും. ഇതിനായി വീടുകളിൽ എത്തി മെഡിക്കൽ കെയറും നഴ്സിംഗ് പരിചരണവും നൽകുന്ന NGO/ CBO യുടെ സംസ്ഥാന തല രജിസ്ട്രേഷൻ നടപ്പിലാക്കും. പാലിയേറ്റീവ് കെയർ രോഗികൾക്ക് മാനസിക സാമൂഹ്യ പിന്തുണ നൽകുന്ന യൂണിറ്റുകൾക്ക് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കീഴിൽ രജിസ്ട്രേഷനും ഉണ്ടായിരിക്കും. സഹകരണം സുഗമമാക്കുന്നതിന് എല്ലാ തലങ്ങളിലും പൊതുവായ പ്ലാറ്റ്ഫോമുകൾ രൂപീകരിക്കുകയും പരിശീലനം നൽകുകയും ചെയ്യും.

2002 മുതൽ ജനുവരി 15 കേരളത്തിൽ കമ്മ്യൂണിറ്റി പാലിയേറ്റീവ് കെയർ ദിനമായി ആചരിച്ചു വരുന്നു.

സന്നദ്ധ സേന ഡയറക്ടറേറ്റുമായി സഹകരിച്ച് സാന്ത്വന പരിചരണത്തിൽ സന്നദ്ധ പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിനായി “കൂടെ” എന്ന പേരിൽ ഒരു ക്യാമ്പയിൻ സർക്കാർ ആരംഭിക്കുന്നുണ്ട്. സാന്ത്വന പരിചരണ പ്രവർത്തനങ്ങളെ പിന്തുണയ്ക്കാൻ തയ്യാറുള്ള ആർക്കും സന്നദ്ധ സേന പോർട്ടലിൽ രജിസ്റ്റർ ചെയ്യാം. ഇങ്ങനെ രജിസ്റ്റർ ചെയ്തവർക്ക് സർക്കാർ/എൻ.ജി.ഒ/സി.ബി.ഒ മേഖലയിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ പിന്തുണയോടെ നൈപുണ്യത്തെ അടിസ്ഥാനമാക്കിയുള്ള പാലിയേറ്റീവ് കെയർ പരിശീലനം നൽകും. പരിശീലനത്തിന് ശേഷം വളണ്ടിയർമാർക്ക് അവരുടെ കഴിവും ലഭ്യമായ സമയവും അനുസരിച്ച് സാന്ത്വന പരിചരണ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ അവസരം നൽകും.

## നിലവിലെ പ്രവർത്തനങ്ങൾ

ദീർഘകാല രോഗങ്ങൾ മൂലം കട്ടിലിൽ നിന്ന് എഴുന്നേൽക്കുവാൻ മറ്റൊരാളുടെ സഹായം ആവശ്യമുള്ള രോഗികളെ വാർഡ് അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യുന്നു. ഇത്തരം രോഗികൾക്ക് ഗൃഹ കേന്ദ്രീകൃത പരിചരണം ലഭ്യമാക്കുവാൻ 30000 ജനസംഖ്യയ്ക്ക് ഒന്ന് എന്ന കണക്കിൽ ഹോം കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

തദ്ദേശസ്ഥാപനങ്ങൾ നിയമിക്കുന്ന പരിശീലനം ലഭിച്ച കമ്മ്യൂണിറ്റി പാലിയേറ്റീവ് നഴ്സിൻറെ നേതൃത്വത്തിൽ വാർഷിക പദ്ധതിയുടെ ഭാഗമായുള്ള തുക ഉപയോഗപ്പെടുത്തിയാണ് യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. ഇത്തരം 1142 പ്രൈമറി പാലിയേറ്റീവ് യൂണിറ്റുകൾ കേരളത്തിൽ സർക്കാർ മേഖലയിൽ ഉണ്ട്. നിലവിൽ 1,14,439 രോഗികൾക്ക് പരിചരണം നൽകുന്നു.

മാസത്തിൽ ഒരിക്കൽ വീടുകളിൽ എത്തി ഹോം കെയർ ടീം വീട്ടുകാരെ പരിചരണ രീതികൾ പഠിപ്പിച്ചു കൊടുക്കുകയും ആവശ്യമുള്ള നഴ്സിംഗ് പരിചരണം ഉറപ്പാക്കുകയും പരിചരണ സാമഗ്രികൾ വീടുകളിൽ എത്തിച്ച് നൽകുകയും ചെയ്യുന്നു. കൂടാതെ ആശ പ്രവർത്തകർ മാസത്തിലൊരിക്കൽ ഇത്തരം രോഗികളെ സന്ദർശിച്ചു വേണ്ട പിന്തുണ നൽകുന്നു. ഓരോ രോഗിയുടെയും സമീപത്ത് പരിശീലനം ലഭിച്ച ഒരു സന്നദ്ധ പ്രവർത്തകന്റെ സാന്നിധ്യം ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.

കിടപ്പിലല്ലാത്ത, ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഉള്ള രോഗികളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ആണ് രജിസ്റ്റർ ചെയ്യുന്നത്. നിലവിൽ ഈ വിഭാഗത്തിൽ 1,47,479 രോഗികൾ രജിസ്റ്റർ ചെയ്തി



ട്ടുണ്ട്. മിഡ് ലെവൽ സർവീസ് പ്രൊവൈഡർ (MLSP) നേഴ്സ് ആണ് ഈ രോഗികളെ ആവശ്യാനുസരണം വീടുകളിൽ സന്ദർശിച്ചു പരിചരണം ഏകോപിപ്പിക്കുന്നത്. ഈ വിഭാഗത്തിൽ 60 വയസു കഴിഞ്ഞിട്ടുള്ള ആളുകളെ വീടുകളിൽ ടീം ആയി സന്ദർശനം നടത്തി പരിചരണം നൽകുവാൻ വേൾഡ് ബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യവകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

മുകളിൽ പറഞ്ഞ രണ്ടു വിഭാഗത്തിൽ ഉള്ള രോഗികൾക്കും ആവശ്യാനുസരണം വിദഗ്ദ്ധ പരിചരണം നൽകുവാൻ സമൂഹികാരോഗ്യ കേന്ദ്രങ്ങളിലും മേജർ ആശുപത്രികളിലും ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സെക്കണ്ടറി യൂണിറ്റുകൾ പ്രവർത്തിക്കുന്നു. നിലവിൽ 345 സെക്കണ്ടറി യൂണിറ്റുകളിലായി 30,168 രോഗികൾ പരിചരണത്തിന് രജിസ്റ്റർ ചെയ്തിയിട്ടുണ്ട്. പരിശീലനം ലഭിച്ച ഡോക്ടർമാരുടെയും സ്റ്റാഫ് നഴ്സുമാരുടെയും സേവനവും മരുന്നുകളും പരിചരണ സാമഗ്രികളും ഫിസിയോതെറാപ്പി സേവനവും സെക്കണ്ടറി യൂണിറ്റുകളിൽ ലഭ്യമാണ്. കിടത്തി ചികിത്സയുള്ള ആയുർവേദ, ഹോമിയോ ആശുപത്രികളിലും സെക്കണ്ടറി യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

കേരളത്തിൽ നിരവധി സന്നദ്ധ സംഘടനകൾ പാലിയേറ്റീവ് മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. വീടുകളിൽ മെഡിക്കൽ നഴ്സിംഗ് പരിചരണം നൽകുന്ന സന്നദ്ധ സംഘടനകൾക്ക് സംസ്ഥാന തലത്തിൽ രജിസ്ട്രേഷൻ നൽകണം എന്ന് പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാനിൽ നിർദ്ദേശിച്ചിട്ടുണ്ട്. അഞ്ഞൂറിലധികം ഇത്തരം യൂണിറ്റുകൾ നിലവിലുണ്ട്. യൂണിറ്റുകളുമായി കൂടി ചർച്ചകൾ നടത്തി രജിസ്ട്രേഷനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. മാനദണ്ഡങ്ങൾക്കനുസരിച്ച് യൂണിറ്റുകൾ വിലയിരുത്തി രജിസ്ട്രേഷൻ നൽകുന്നതിനുള്ള സംവിധാനം സംസ്ഥാന തലത്തിൽ രൂപീകരിക്കണം.

സർക്കാർ മേഖലയിൽ 14 ജില്ലകളിലും ആരോഗ്യ പ്രവർത്തകർക്ക് പാലിയേറ്റീവ് പരിശീലനം നൽകുന്ന പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സന്നദ്ധ മേഖലയിലും 6 പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഡോക്ടർമാർക്കുള്ള 6 ആഴ്ചത്തെ പരിശീലനം (BCCPM), നഴ്സുമാർക്കുള്ള 6 ആഴ്ചത്തെ പരിശീലനം






(BCCPN), കമ്മ്യൂണിറ്റി നഴ്സുമാർക്കുള്ള നാല് മാസത്തെ പരിശീലനം (CCCPN), ഡോക്ടർമാർക്കും നഴ്സമാർക്കുമുള്ള 10 ദിവസത്തെ പരിശീലനം, ആരോഗ്യ പ്രവർത്തകർക്കുള്ള 3 ദിവസത്തെ പ രിശീലനം, സന്നദ്ധ പ്രവർത്തകർക്കുള്ള 3 ദിവസത്തെ പരിശീലനം എന്നിവ സംഘടിപ്പിച്ചു വരുന്നു. ഈ കോഴ്സുകൾക്കുള്ള ഏകീകൃത സിലബസ് ആരോഗ്യ വകുപ്പ് പുറത്തിറക്കിയിട്ടുണ്ട്.

പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ ഗുണനിലവാരം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കായകല്പ മാതൃകയിൽ പദ്ധതി നടപ്പിലാക്കി വരുന്നു

അരയ്ക്കു കീഴ്പോട്ട് ചലനശേഷി നഷ്ടപ്പെട്ട രോഗികളെ തൊഴിൽപരമായി പുനരധിവസിപ്പിക്കുന്നതിനു വേണ്ടി കുടുംബശ്രീയുമായി സഹകരിച്ചുള്ള പദ്ധതി എറണാകുളം, മലപ്പുറം ജില്ലകളിൽ ആരംഭിച്ചു.

വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചു സ്കോൾ കേരളയുടെ ആഭിമുഖ്യത്തിൽ ശാസ്ത്രീയ പരിശീലനം ലഭിച്ച ഹോം നഴ്സുമാരെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 'ഡിപ്ലോമ ഇൻ ഡോമിസിലിയറി നഴ്സിംഗ് കെയർ' എന്ന പേരിൽ ആറു മാസത്തെ കോഴ്സ് ആരംഭിച്ചു.



പാലിയേറ്റീവ് കെയർ ആവശ്യമായ രോഗികൾക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്തു സേവനങ്ങൾ തിരഞ്ഞെടുക്കാവുന്ന രീതിയിൽ കേരളത്തിലെ എല്ലാ പാലിയേറ്റീവ് കെയർ സംവിധാനങ്ങളെയും ബന്ധപ്പെടുത്തിയുള്ള 'പാലിയേറ്റീവ് കെയർ ഗ്രിഡ്' 2025 മാർച്ച് 3 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. സാന്ത്വന പരിചരണം ആവശ്യമുള്ള വ്യക്തികളേയും അവ നൽകുന്ന സർക്കാർ, സന്നദ്ധ മേഖലകളിലെ ഹോം കെയർ യൂണിറ്റുകളെയും സന്നദ്ധ സംഘടനകളെയും രജിസ്റ്റർ ചെയ്യാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

പാലിയേറ്റീവ് കെയർ രംഗത്തെ ഇതുവരെയുള്ള നേട്ടങ്ങൾ ശക്തിപ്പെടുത്തിയും കൂടുതൽ വിപുലപ്പെടുത്തിയും കേരളത്തെ ഒരു സമ്പൂർണ പാലിയേറ്റീവ് സൗഹൃദ സംസ്ഥാനമാക്കി മാറ്റാൻ സർക്കാർ ലക്ഷ്യമിടുന്നു. പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള എല്ലാവർക്കും വരുമാന പരിധിയില്ലാതെ അവരുടെ വീടുകളിൽ മികച്ച പരിചരണം ലഭിക്കുന്ന തരത്തിൽ സാർവത്രിക പാലിയേറ്റീവ് കെയർ സംവിധാനം ഒരുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ സന്നദ്ധ സംഘടനകളെയും സന്നദ്ധ പ്രവർത്തകരെയും സർക്കാർ സംവിധാനങ്ങളെയും ഗ്രാമ പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപറേഷൻ തലത്തിലും മറ്റ് തലത്തിലും ഏകോപിപിച്ച് ആവശ്യമുള്ള എല്ലാവർക്കും മികച്ച പരിചരണം ലഭ്യമാക്കുകയാണ് ലക്ഷ്യം. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിത് സംസ്ഥാന സർക്കാർ വിപുലമായ ക്യാമ്പയിൻ ആരംഭിക്കുകയാണ്.



## തണ്ണിമത്തൻ മുതൽ മുല്ലപ്പൂവരെ

# കാർഷികസമൃദ്ധിയുടെ ചിറക്കരമാതൃക

സുഗന്ധപൂരിതമാകാൻ ഒരുങ്ങുകയാണ് ചിറക്കര. മുല്ലപൂ തൈകൾ നിരനിരയായി കാണാമിവിടെ. വേനലിന്റെ ദാഹശമനിയായി നിരന്ന തണ്ണിമത്തൻ ദിനങ്ങൾക്ക് പിന്നാലെയാണ് പഞ്ചായത്തിലെ കർഷകർ 'മുല്ലപൂ വിപ്ലവത്തിന്' തുടക്കമിട്ടത്.

കർഷകക്ഷേമത്തിനായി നടപ്പാക്കിയ പദ്ധതികളെല്ലാം വിജയിപ്പിച്ചെടുത്ത ചരിത്രമുണ്ട് ചിറക്കര ഗ്രാമപഞ്ചായത്തിന്. പരമ്പരാഗത കൃഷിയിനങ്ങൾക്കൊപ്പം വൈവിധ്യമാർന്ന പരീക്ഷണങ്ങളും ഇവിടുത്തെ കാർഷിക രംഗത്തിന്റെ മാറ്റുകൂട്ടുന്നു. കൃഷിഭവനിലെ വിള ആരോഗ്യകേന്ദ്രം വഴിയുള്ള സൗജന്യജൈവ-രാസ കീടനാശിനി വിതരണവും സൗജന്യസേവനങ്ങളുമെല്ലാം കാർഷിക സമൃദ്ധിയുടെ അടയാളപ്പെടുത്തലുകളാണ്.

ചാത്തന്നൂർ എസ്.എൻ കോളേജിലും എസ്.എൻ ട്രസ്റ്റ് ഹയർ സെക്കൻഡറി സ്കൂളിലുമായി നടത്തി വന്നിരുന്ന 16 ഏക്കറോളം വരുന്ന തരിശു ഭൂമിയിലെ കൃഷിയുടെ വിളവെടുപ്പ് കഴിഞ്ഞദിവസം എം.എൽ.എ ജി. എസ് ജയലാലാണ് ഉദ്ഘാടനം ചെയ്തത്.

ഏറെക്കാലത്തെ കാർഷിക ചരിത്രം പേറുന്ന ചിറക്കരയുടെ പൈതൃക സംരക്ഷണത്തിന്റെ ഭാഗമായി ചിറക്കരയുടെ തനത് മാവിനമായ 'പോളച്ചിറ മാവ്' വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ചാത്തന്നൂർ ശ്രീ





നാരായണ കോളേജിൽ 50 ഓളം മാവിൻ തൈകൾ നട്ട് ചിറക്കര പഞ്ചായത്ത് ഇതിനോടകം തുടങ്ങി ക്കഴിഞ്ഞു.

കർഷകർക്ക് മാർഗനിർദേശം നൽകുന്നതിലും വിവിധസൗകര്യങ്ങൾ ഒരുക്കുന്നതിലും പ്രത്യേക ശ്രദ്ധ നൽകുക വഴി നവകർഷകരും കുടുംബശ്രീ കൂട്ടായ്മ കളുമെല്ലാം കൃഷിയിലേക്ക് കടന്നുവരികയാണ്. പുതുതലമുറയെ കൃഷിയുടെ പ്രധാന്യം ബോധ്യപ്പെ ടുത്തുന്നതിനൊപ്പം കൂട്ടായ്മയിലൂടെ കാർഷിക മേഖലയെ പരിപോഷിപ്പിച്ച് കൃഷി ലാഭകരമാക്കാനുള്ള വഴികളാണ് ഒരുക്കുന്നത്. ഇതോടെ കർഷകരുടെ എണ്ണത്തിലും കൃഷിയിൽനിന്നുള്ള ലാഭത്തിലുമുണ്ടായ വർധന പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി മാറുകയാണ്.

വിപണിയിൽ മുല്ലപ്പൂവിന് വില കൂടിയതോടെ കുടുംബശ്രീ സി.ഡി.എസിന്റെ വാണിജ്യാടിസ്ഥാന ത്തിലുള്ള മുല്ലപ്പൂകൃഷിക്ക് പ്രാധാന്യമേറുകയാണ്. കുടുംബശ്രീ മിഷന്റെ 111125 രൂപ സബ്സിഡി നിരക്കിൽ ലഭിച്ച 1000 ഹൈബ്രിഡ് മുല്ലത്തൈകളാണ് കുടുംബശ്രീ ജില്ലാ മിഷന്റെ ഗൈഡ് ലൈൻ പ്രകാരം നട്ടത്. പ്രകൃതിയോട് ഇണങ്ങിയ 1000 എച്ച്.ഡി.പി.ഇ ഗ്രോബാഗിൽ നട്ട ചെടികൾ മൂന്നു മുതൽ ആറുമാസത്തിനുള്ളിൽ പൂത്തുലയുന്ന കാഴ്ച കാണാൻ കഴിയും. ചാത്തന്നൂർ, പരവൂർ, കൊട്ടിയം, പാരിപ്പള്ളി,വർക്കല എന്നീ പൂക്കടകൾ കേന്ദ്രീകരിച്ചു വിപണി കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് സി.ഡി.എസ് ചെയർപേ ഴ്സൺ റീജ ബാലചന്ദ്രൻ പറഞ്ഞു.

കർഷക ജെ.എൽ.ജി ഗ്രൂപ്പ് അംഗമായ ലിജോ മോളുടെ 1 ഏക്കർ വയലിൽ പണകോരി ട്രിപ്പ് ഇറിഗേഷൻ സംവിധാനത്തിന്റെ സഹായത്തോടെ ഗ്രോ ബാഗിൽ എല്ലുപൊടി,വേപ്പിൻ പിണ്ണാക്ക്, പച്ചകക്ക, ഡോളോമൈറ്റ്, കപ്പലണ്ടി പിണ്ണാക്ക്, ചകിരിച്ചോറ്, ചാണകപ്പൊടി, കമ്പോസ്റ്റ്, കോഴിവളം, കരിയില എന്നിവ ഇട്ട് സമ്പുഷ്ടീകരിച്ചാണ് മുല്ല തൈകൾ നട്ടിരിക്കുന്നത്. ചിറക്കര സിഡിഎസിലെ ശിവദം അയൽക്കൂട്ട അംഗങ്ങളായ രജനി, ബിന്ദു, ലിജോ മോൾ എന്നിവർ 2021 മുതൽ കർഷക സംഘകൃഷി ഗ്രൂപ്പ് സിഡിഎസിൽ പ്രവർത്തിച്ചു വരുന്നു. സ്വന്തം പുരയിടങ്ങളിൽ 1 ഏക്കറിൽ പച്ചക്കറികളും കിഴങ്ങുവർഗങ്ങളും കൃഷിയും ചെയ്യുന്നതിനോടൊപ്പം തന്നെ കുടുംബ ശ്രീയുടെ എല്ലാ ആഴ്ചകളിലും നടക്കുന്ന നാട്ടുചന്തകളിൽ പച്ചക്കറികൾ എത്തിക്കുന്നതിൽ സജീവമാണ് കർഷക ജെ.എൽ.ജി യൂണിറ്റ്.

നെടുങ്ങോലത്ത് ജെ.എൽ.ജി ഗ്രൂപ്പ് അംഗങ്ങളുടെ നേതൃത്വത്തിൽ വേനൽ മധുരം പദ്ധതിയുടെ ഭാഗമായി കൃഷിചെയ്ത തണ്ണിമത്തന്റെ വിളവെടുപ്പ് ദിവസങ്ങൾക്ക് മുമ്പാണ് നടന്നത്. വിഷരഹിത തണ്ണിമത്തൻ ജനങ്ങളിലെത്തിക്കാനും വനിതകൾക്ക് ഉപജീവന മാർഗം ഒരുക്കാനും കുടുംബശ്രീ ജില്ലാ മിഷൻ കഴിഞ്ഞ ഡിസംബറിൽ തുടങ്ങിയ പദ്ധതിയാണ് വേനൽ മധുരം. ഷുഗർ ബേബി, കിരൺ,മുക്കാസ തുടങ്ങിയ തണ്ണിമത്തന്റെ ഇനങ്ങളാണ് കൃഷി ചെയ്തത്. കുടുംബശ്രീ ജില്ലാ മിഷൻ സി.ഡി. എസുകൾക്ക് നൽകിയിട്ടുള്ള 25,000 രൂപ റിവോൾവിങ് ഫണ്ട് കൂടി അനുവദിച്ചു നൽകിയാണ് തൃശ്ശൂരിൽ നിന്ന് തൈകൾ ഇറക്കുമതി ചെയ്തത്. ചാണകപ്പൊടി, എല്ലുപൊടി, വേപ്പിൻപിണ്ണാക്ക്, കോഴിവളം, കമ്പോസ്റ്റ് എന്നിവയിട്ട് പൂർണ്ണമായും ജൈവരീതിയിലാണ് കൃഷി ചെയ്തത്. വിളവെടുത്ത ഒരു ടണ്ണോളം തണ്ണിമത്തൻ വിറ്റഴിച്ചത് നാട്ടുചന്തയിലൂടെയും കാർഷിക ചന്തയിലൂടെയും ആണ്.

വിജയമാതൃക പിന്തുടരാൻ ഒട്ടേറെ കർഷകർ മുന്നോട്ടുവരുമ്പോൾ വേണ്ട സഹായങ്ങൾ നൽകി കൃഷിഭവൻ ഒപ്പം തന്നെയുണ്ട്. നവാഗത കർഷ കർക്കും അയൽക്കൂട്ടങ്ങൾക്കുമെല്ലാം പ്രചോദനവും സഹായവുമായി പഞ്ചായത്ത് എന്നും കൂടെയുണ്ടാ വുമെന്നാണ് ചിറക്കര പഞ്ചായത്ത് പ്രസിഡന്റ് ടി. ആർ സജിലയും ഉറപ്പുനൽകുന്നത്.

**ഗോപകുമാർ എസ്**
അസിസ്റ്റന്റ് സെക്രട്ടറി,ഒറ്റൂർ ഗ്രാമ പഞ്ചായത്ത്

# അതുല്യ നേട്ടവുമായി ഒറ്റൂർ ഹരിതകർമ്മ സേന

തിരുവനന്തപുരത്ത് 2025 ഏപ്രിൽ 9 മുതൽ 13 വരെ നടന്ന വൃത്തി 2025 ക്ലീൻ കേരള കോൺക്ലേവിൽ ബഹുജന ശ്രദ്ധ പിടിച്ചുപറ്റിയ ഒരു കൊച്ചു സ്റ്റാൾ ഉണ്ടായിരുന്നു. തിരുവനന്തപുരം ജില്ലയിലെ ഒറ്റൂർ ഗ്രാമപഞ്ചായത്തിൻറെ സ്റ്റാൾ - കത്താത്ത എൽ ഇ ഡി ബൾബുകൾ നന്നാക്കി നൽകുന്ന ഒരു കൂട്ടം വനിതകളുടെ സ്റ്റാൾ. അവരെങ്ങിനെയാണു ആ വഴിയിലേക്ക് എത്തിയത്?

അജൈവ മാലിന്യ നിർമ്മാജ്ജനത്തിൽ സംസ്ഥാന തലത്തിൽ തന്നെ നിരവധി അവാർഡുകൾ വാരിക്കൂട്ടിയ ഹരിതകർമ്മസേനയാണ് ഒറ്റൂർ ഗ്രാമപഞ്ചായത്തിലേത്. അവർ ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകൾക്കാവശ്യമായ എൽ ഇ ഡി ബൾബുകളും നിർമ്മിക്കാൻ ആരംഭിച്ചു. ഒറ്റൂർ ഹരിതകർമ്മസേനയുടെ തൊഴിൽ സംരംഭം ആയ ഒറ്റൂർ ഹരിതം എനർജി സെൻ്റർ എന്ന സ്ഥാപനമാണു തെരുവുവിളക്കുകളുടെ നിർമ്മാണച്ചുമതല ഏറ്റെടുത്തത്.

കഴിഞ്ഞ ആറുമാസമായി നൂറു ശതമാനം അജൈവ മാലിന്യ ശേഖരണം നടത്തുന്ന ജില്ലയിലെ തന്നെ ചുരുക്കം ഗ്രാമപഞ്ചായത്തുകളിൽ ഒന്നാണു ഒറ്റൂർ ഗ്രാമപഞ്ചായത്ത് ഹരിത കർമ്മസേന. 26 അംഗങ്ങൾ ഉള്ള ഹരിതകർമ്മസേനക്ക് അധികവരുമാനം എന്ന നിലയിലാണു മൂന്ന് സംരംഭങ്ങൾ ആരംഭിച്ചത്. തുരുത്തിക്കരയിലെ സയൻസ് സെൻ്ററിന്റെ സാങ്കേതിക സഹായത്തോടെ ആരംഭിച്ച ഹരിതം എനർജി സെൻ്ററിൽ എൽ ഇ ഡി ബൾബുകളുടെ നിർമ്മാണവും എൽ ഇ ഡി മെയിൻറനൻസും നടക്കുന്നു. ഒറ്റൂർ കൃഷിഭവൻറെ മുകളിലത്തെ നിലയിലാണു ഹരിതം

> 2024-25 വർഷത്തെ തെരുവുവിളക്കുകൾ വാങ്ങുന്നതിനുള്ള പദ്ധതി പ്രയോജനപ്പെടുത്തിയാണു ഹരിതകർമ്മസേന പഞ്ചായത്തിനാവശ്യമായ എൽ ഇ ഡി ബൾബുകൾ നിർമ്മിക്കുന്നത്.






എനർജി സെൻറർ പ്രവർത്തിക്കുന്നത്. എൽ ഇ ഡി ബൾബുകൾ മെയിന്റനൻസ് നടത്തി പുനരുപയോഗം സാധ്യമാക്കുന്നതിലൂടെ അജൈവ മാലിന്യ നിർമ്മാർജ്ജനത്തിലും നിർണ്ണായക നേട്ടമാണു ഹരിത കർമ്മസേന നേടിയത്. വീടുകളിൽ മാലിന്യം ശേഖരിക്കുമ്പോൾ കേടായ എൽ ഇ ഡി ബൾബുകൾ ഒപ്പം ശേഖരിക്കുന്നു. അടുത്ത ഭവന സന്ദർശനത്തിനു ഈ ബൾബുകൾ നന്നാക്കി ഉടമയെ തിരികെ ഏൽപ്പിക്കുന്നു.

സമ്പൂർണ്ണ എൽ ഇ ഡി ഗ്രാമപഞ്ചായത്തായി ഒറ്റൂരിനെ മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടെ ഭവനങ്ങളിലെ വിപുലമായ സർവേയും ഹരിത കർമ്മസേന ഇതിനകം നടത്തിക്കഴിഞ്ഞു. ഫിലമെന്റ് ബൾബുകൾ പൂർണ്ണമായും ഒഴിവാക്കി ഒറ്റൂരിനെ കാർബൺ ന്യൂട്രൽ ഗ്രാമപഞ്ചായത്ത് ആക്കി മാറ്റാനുള്ള പ്രക്രിയക്കും ഇതോടെ ഹരിതകർമ്മസേന തുടക്കമിട്ടു.

നിരോധിക്കപ്പെട്ടതും ഒറ്റത്തവണ ഉപയോഗിക്കുന്നതുമായ അജൈവ വസ്തുക്കളുടെ ഉപയോഗം പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ഒരു ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പിനും ഒറ്റൂർ ഹരിത കർമ്മസേന രൂപം നൽകി. വിവിധ ചടങ്ങുകൾക്കാവശ്യമായ പാത്രങ്ങൾ, ഗ്ലാസ്സുകൾ, മഗ്ഗുകൾ, കെറ്റിലുകൾ തുടങ്ങിയവയെല്ലാം ഹരിതകർമ്മസേന ചുരുങ്ങിയ നിരക്കിൽ വാടകക്ക് നൽകുന്ന സംരംഭമാണിത്. തുടർന്ന് കാറ്ററിംഗ് രംഗത്തേക്ക് കടക്കാനും ഹരിതകർമ്മസേന പദ്ധതിയിടുന്നുണ്ട്.

ബയോബിന്നിലേക്ക് ആവശ്യമായ ഇനോക്കുലം നിർമ്മാണ യൂണിറ്റാണു മറ്റൊന്ന്. വെള്ളായണി കാർഷിക കോളേജിൽ നിന്നും ഇനാക്കുലം നിർമ്മാണത്തിലും മണ്ണിര കമ്പോസ്റ്റ് നിർമ്മാണത്തിലും പരിശീലനം നേടിയ ഹരിതകർമ്മ സേന മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തി വർക്ക് ഷെഡ് നിർമ്മിച്ച് ഉദ്പാദനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

2024-25 വർഷത്തെ തെരുവുവിളക്കുകൾ വാങ്ങുന്നതിനുള്ള പദ്ധതി പ്രയോജനപ്പെടുത്തിയാണു ഹരിതകർമ്മസേന പഞ്ചായത്തിനാവശ്യമായ എൽ ഇ ഡി ബൾബുകൾ നിർമ്മിക്കുന്നത്.

ഗവണ്മെൻറ്റ് എഞ്ചിനിയറിംഗ് കോളെജിലെ ഗുണനിലവാര പരിശോധനക്ക് വിധേയമായാണു ഗ്രാമപഞ്ചായത്ത് ബൾബുകൾ വാങ്ങുന്നത്. ബൾബുകൾക്ക് ഒരു വർഷത്തെ റീപ്ലേസ്മെൻറ്റ് ഗ്യാരൻറ്റിയും ഹരിതകർമ്മസേന ഉറപ്പാക്കുന്നു. ഗ്രാമ പഞ്ചായത്തിന്റെ യൂണിറ്റായതിനാൽ തുടർവർഷങ്ങളിലും ചെറിയ തുക മാത്രം മുടക്കി മെയിൻറ്റനൻസ് നടത്തി റീ യൂസ് ചെയ്യാമെന്നതും അതിലൂടെ പ്രാദേശിക സാമ്പത്തിക വികസനം ശക്തിപ്പെടുത്താമെന്നതും ഈ പദ്ധതിയുടെ ആകർഷകത്വം വർദ്ധിപ്പിക്കുന്നു.

തിരുവനന്തപുരം ജില്ലയിലെ വർക്കല ബ്ലോക്കിൽപ്പെട്ട 13 വാർഡുകൾ ഉള്ള താരതമ്യേന ചെറിയൊരു ഗ്രാമപഞ്ചായത്താണു ഒറ്റൂർ. 2023 മാർച്ച് മാസത്തിൽ ആരംഭിച്ച മാലിന്യമുക്തം നവകേരളം

**ഗവണ്മെൻറ്റ് എഞ്ചിനിയറിംഗ് കോളെജിലെ ഗുണനിലവാര പരിശോധനക്ക് വിധേയമായാണു ഗ്രാമപഞ്ചായത്ത് ബൾബുകൾ വാങ്ങുന്നത്.**



പദ്ധതി ഒന്നാം ഘട്ടം സമ്പൂർണ്ണമായും ജനപങ്കാളിത്തത്തോടെ നടപ്പാക്കാനായത് ഈ രംഗത്ത് മുന്നേറാൻ ഒറ്റൂരിനെ സഹായിച്ചു. ഒരു വർഷത്തെ നിരന്തര ഇടപെടലിലൂടെയാണു നൂറു ശതമാനം അജൈവ മാലിന്യ ശേഖരണവും ഒപ്പം നൂറുശതമാനം കളക്ഷനും എന്ന നേട്ടം ഒറ്റൂരിനു സാധ്യമായത്. ഒപ്പം ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും കൂട്ടായ പ്രവർത്തനവും ഈ രംഗത്തെ നേട്ടത്തിനു പിന്നിലുണ്ട്.

തിരുവനന്തപുരം ജില്ലയിലാദ്യമായി അജൈവ മാലിന്യ സംഭരണത്തിലും ഒപ്പം ഹരിതമിത്രം മൊബൈൽ ആപ്പ് ഉപയോഗിച്ച് നൂറ് ശതമാനം കളക്ഷൻ നേടിയതും ഒറ്റൂർ ഗ്രാമപഞ്ചായത്താണു. 2023 ഇൽ തന്നെ ഒറ്റൂർ സമ്പൂർണ്ണ വലിച്ചെറിയൽ വിമുക്ത ഗ്രാമപഞ്ചായത്ത് ആയി പ്രഖ്യാപിച്ചിരുന്നു. മാലിന്യപരിപാലനത്തിലെ വിടവ് നികത്തുവാൻ പര്യാപ്തമായിട്ടുള്ള ബയോബിൻ റിങ്ങ് കമ്പോസ്റ്റ് തുടങ്ങിയവ കഴിഞ്ഞ രണ്ട് വർഷങ്ങളിലെ പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണം ചെയ്തു. ഗ്രാമ പഞ്ചായത്തിൽ പ്രധാനമായും കൂടുതൽ ബയോ വേസ്റ്റ് ഉണ്ടാകുന്ന ഞെക്കാട് ഹയർ സെക്കൻററി സ്കൂളിൽ തുമ്പൂർ മൂഴി പ്ലാൻറ്റ് നിർമ്മാണത്തിനുള്ള പ്രവൃത്തികൾ ആരംഭിച്ചു. തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തി സോക്ക് പിറ്റ് കമ്പോസ്റ്റ് പിറ്റ് എന്നിവ പരമാവധി ഇടങ്ങളിൽ സ്ഥാപിക്കാൻ ശ്രമങ്ങൾ നടത്തിവരുന്നു.

പ്രവർത്തന മികവിനു നിരവധി അംഗീകാരങ്ങൾ ഒറ്റൂർ ഗ്രാമപഞ്ചായത്ത് ഹരിതകർമ്മസേനയെ തേടിയെത്തി. 2024-25 ഇൽ മാലിന്യനിർമ്മാർജ്ജനത്തിനു ജില്ലയിൽ നാലു അവാർഡുകൾ ആണു ഒറ്റൂർ നേടിയത്.

ജില്ലയിലെ ഏറ്റവും മികച്ച ഗ്രാമപഞ്ചായത്ത്, മികച്ച ഹരിതകർമ്മസേന കൺസോർഷ്യം, മികച്ച സി ഡി എസ്, മികച്ച വാതിൽപ്പടി ശേഖരണം എന്നിവയിൽ ഒറ്റൂർ ഗ്രാമപഞ്ചായത്ത് ഒന്നാമതായി .കെ ജി ഒ എ നൽകിയ 2023 ലെ ഡോ : എൻ എം മുഹമ്മദലി പുരസ്കാരമായ 50000 രൂപയും പ്രശസ്തി പത്രവും ബഹു : തദ്ദേശ സ്വയംഭരണ മന്ത്രിയിൽ നിന്നും ഒറ്റൂർ ഗ്രാമപഞ്ചായത്ത് ഹരിതകർമ്മസേന ഏറ്റുവാങ്ങി. മികച്ച മലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കുള്ള തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൻറ്റെ ആദരവും ഒറ്റൂർ ഹരിതകർമ്മ സേന നേടി.

നേട്ടങ്ങൾ നിലനിർത്താനും പുതിയ ലക്ഷ്യങ്ങളിലേക്ക് കുതിക്കാനും ഒറ്റൂർ ഗ്രാമ പഞ്ചായത്ത് കൃത്യമായ പദ്ധതികൾ രൂപീകരിച്ചു വരുന്നതായി പ്രസിഡൻറ്റ് പി .ബീന അറിയിച്ചു.

**പ്രവർത്തന മികവിനു നിരവധി അംഗീകാരങ്ങൾ ഒറ്റൂർ ഗ്രാമപഞ്ചായത്ത് ഹരിതകർമ്മസേനയെ തേടിയെത്തി. 2024-25 ഇൽ മാലിന്യനിർമ്മാർജ്ജനത്തിനു ജില്ലയിൽ നാലു അവാർഡുകൾ ആണു ഒറ്റൂർ നേടിയത്.**





ഫോട്ടോ: **അഖിൽ ആർ.**
സീനിയർ ക്ലർക്ക്,
റവന്യു പ്രിൻസിപ്പൽ ഡയറക്ടറേറ്റ്

THADDESAKAM (MONTHLY) May 2025
₹30 Annual Subscription ₹300, Published on May2025

RNI. No: KERML/2023/89208
Press Registrar General of India Dated 16/10/2024




Printed & published and Owned by Dr. Chithra S. I A S, Principal Director, Directorate of Local Self Government Department of Kerala, Printed at Gramalekshmi Mudralayam, Kalliyoor, Thiruvananthapuram
Published from Principal Directorate, Swaraj Bhavan, Nandancode, Kowdiar P.O., Thiruvananthapuram, Kerala 695 003,
Editor: Deepa K.